12
2026
ജൂൺ
വെള്ളി
ഇടവം 29

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 118 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-118 പേജ് 4. വില 2.00 രൂപ

02 ഓപ്പറേഷൻ തൂഫാൻ; നെടുമങ്ങാട്ട് കഞ്ചാവുമായി മൂന്നുപേർ പിടിയിൽ

03 വനിതാ ഡോക്ടർ മരിച്ച നിലയിൽ; ഭർത്താവ് ഒളിവിൽ

04 സ്ത്രീ സൗജന്യയാത്ര; മുൻകൂർ തുക നൽകണമെന്ന് കെഎസ്ആർടിസി

# ഉപയോഗശൂന്യമായ മീനുകൾ വിപണിയിൽ എത്തിക്കാൻ അന്യസംസ്ഥാന ലോബികൾ



വിഴിഞ്ഞം: കേരളത്തിലെ ട്രോളിംഗ് നിരോധന കാലം മീൻ എത്തിക്കുന്ന അന്യസംസ്ഥാന ലോബികളുടെ ചാകരക്കാലമാണ്. മനുഷ്യൻറെ ആരോഗ്യത്തിന് ഹാനികരമാകുന്ന കാലപ്പഴക്കം ചെന്ന മീനുകളുമായി ദിനംപ്രതി നൂറു കണക്കിന് കണ്ടെയ്നർ ലോറികൾ അതിർത്തി കടന്നെത്തും. ഇതു തടയുന്നതിനു വേണ്ട ശാസ്ത്രീയ പരിശോധന സംവിധാനങ്ങളോ വിവിധ വകുപ്പുകളുടെ ഏകോപന പരിശോധനയോ ഇല്ലാത്തത് മുതലെടുത്താണ് വ്യാജൻമാരുടെ വിലസൽ.

തമിഴ്നാട്, കർണാടക, ആ ന്ധ്രാപ്രദേശ്, ഒറീസ, ബീഹാർ ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽനിന്ന് ടൺ കണക്കിനു മീൻ കേരളത്തിലെത്തുന്നുണ്ട്. ഇവയുടെ ഗുണനിലവാര പരിശോധനയ് ക്ക് ആവശ്യമായ സൗകര്യങ്ങളും ഇവിടെയില്ല.ഇതര സംസ്ഥാനങ്ങളിൽനിന്ന് ഭക്ഷ്യ വസ്തുക്കളുമായി ലോറികൾ തലസ്ഥാന ജില്ലയിൽ പ്രവേശിക്കണമെങ്കിൽ 16 ചെക്ക് പോസ്റ്റുകൾ താണ്ടണം. കടത്തുകാർ കൊണ്ടുവരുന്ന വ്യാജനും അല്ലാത്തതുമായ ബില്ലുകൾ പരിശോധിച്ച് കടത്തിവിടുന്നതൊഴിച്ചാൽ ഭക്ഷ്യ വസ് തുക്കൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്താൻ ആരുമില്ല.പരാതികൾ ഉയരുമ്പോൾ എത്തുന്ന അധികൃതർ ശേഖരിക്കുന്ന സാമ്പിളിൽനിന്ന് അമോണിയ, ഫോർമാലിൻ എന്നിവ പരിശോധനക്ക് വിധേയമാക്കുന്നുണ്ട്. എന്നാൽ കടൽ മത്സ്യങ്ങളിൽ മനുഷ്യജീവനു ഭീഷണിയാകുന്ന തരത്തിലുള്ള വിഷാംശം കണ്ടെത്താനുള്ള ലാബുകൾ ഇല്ലെന്നാണറിവ്. വിഴിഞ്ഞത്തെ ഹോട്ടലിൽനിന്ന് സീഫുഡ് കഴിച്ച് രണ്ടുപേർ മരിക്കുകയും നിരവധിപേർ ചികിത്സ തേടുകയും ചെയ്ത സംഭവത്തിലും പൂവാർ പള്ളം മാർക്കറ്റിൽ ഒരു കണ്ടെയ്നർ നിറയെ കൊണ്ടുവന്ന ചെമ്പല്ലി മീനിൻറെ തലയും മുള്ളും കഴിച്ച് ജില്ലയുടെ വിവിധയിടങ്ങളിൽ നിന്നായി നൂറിലധികം പേർക്ക് ഭക്ഷ്യവിഷബാധയുണ്ടായതിൻറെയും കാരണം കണ്ടെത്താൻ ഇതുവരെയും അധികൃതർക്കായിട്ടില്ല.

ട്രോളിംഗ് നിരോധന കാലത്ത് കേരളത്തിൽ ഉണ്ടാകുന്ന മത്സ്യ ലഭ്യതക്കുറവ് മുതലെടുത്ത് അന്യ സംസ്ഥാനങ്ങളിൽനിന്ന് പഴകിയതും ഉപയോഗശൂന്യവുമായ മീനുകൾ എത്തുമെന്നു അധികൃതരും സമ്മതിക്കുന്നുണ്ട്. ജനം ഏറെ കഷ്ടപ്പെട്ട കോവിഡ് കാലത്ത് പോലും വ്യാജ മീനുകൾ വിപണിയിൽ എത്തിയിരുന്നു. വളം നിർമാണത്തിന് ഗോഡൗണുകളിൽ സൂക്ഷിച്ചിരുന്ന ഭക്ഷ്യയോഗ്യമല്ലാത്ത മീനുകൾ വരെ അന്ന് അധികൃതർ പിടികൂടി നശിപ്പിച്ചിരുന്നു. അത്തരം സംഘങ്ങൾ നിലവിലെ സഹചര്യത്തിൽ കൂടുതൽ ശക്തമായി രംഗത്ത് വരാൻ സാധ്യതയുണ്ടെന്നും ബന്ധപ്പെട്ടവർ പറയുന്നു.

വിഷാംശം കണ്ടെത്താനുള്ള ലാബ് സംവിധാനം ഇല്ലാത്തതിനുപരി പഴകിയ വസ്തുക്കൾ പിടികൂടാൻ ചുമതലപ്പെട്ട ഭക്ഷ്യ സുരക്ഷാ വിഭാഗത്തിൽ ആവശ്യമായ ജീവനക്കാരുമില്ല.

ജോലിഭാരം കണക്കിലെടുത്ത് വിപണിയിൽ കാര്യമായ ഇടപെടൽ നടത്താനും ഇവർക്കായിട്ടില്ല. ഭക്ഷ്യ സുരക്ഷാ വിഭാഗത്തിനുപരി ആരോഗ്യ വകുപ്പും പോലീസും സംയുക്തമായി ഇത്തരക്കാരെ ഒതുക്കാൻ രംഗത്തിറങ്ങണമെന്നാണ് ആവശ്യം.

# കുട്ടികൾക്കെതിരായ അതിക്രമങ്ങൾ ഇല്ലാതാക്കും: മന്ത്രി ബിന്ദുകൃഷ്ണ

കൊല്ലം: കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ പൂർണമായും തുടച്ചുനീക്കുന്നതിന് എല്ലാ സർക്കാർ വകുപ്പുകളും ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്ന് മന്ത്രി ബിന്ദു കൃഷ്ണ.

ജില്ലയിലെ ചിൽഡ്രൻസ് ഹോമുകളിൽ കഴിയുന്ന കുട്ടികൾക്കായി പൊതുജനങ്ങളിൽനിന്നും സന്നദ്ധസംഘടനകളിൽനിന്നും വസ്ത്രങ്ങൾ സംഭാവനയായി സ്വീകരിക്കുന്ന വനിതാ ശിശുവികസന വകുപ്പിൻറെ കുട്ടിക്കുപ്പായം പദ്ധതി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

എല്ലാ ജില്ലകളെയും സമ്പൂർണ ശിശുസൗഹൃദമാക്കി മാറ്റുകയാണ് ലക്ഷ്യം. മനുഷ്യത്വപരമായ സമീപനമായിരിക്കണം സർക്കാർ വകുപ്പുകളുടെ മുഖമുദ്ര. കുഞ്ഞുങ്ങൾക്ക് ഏറ്റവുംമികച്ച സുരക്ഷിതത്വവും സംരക്ഷണവും ഉറപ്പാക്കാൻ എല്ലാവർക്കും ഒരുപോലെ ഉത്തരവാദിത്തമുണ്ടെന്നും മന്ത്രി പറഞ്ഞു. കുട്ടിക്കുപ്പായം പദ്ധതിയിലൂടെ വസ്ത്രങ്ങൾ സംഭാവനയായി സ്വീകരിച്ച് അർഹരായ കുട്ടികൾക്ക് എത്തിക്കും. വസ്ത്രങ്ങൾ നിക്ഷേപിക്കുന്നതിനായി സിവിൽ സ്റ്റേഷനിലെ വനിത-ശിശുവികസന ഓഫീസിന് മുന്നിൽ പെട്ടിയുണ്ട്. പ്രധാന ആശുപത്രികളിലും ചിൽഡ്രൻസ് ഹോമുകളിലും പെട്ടികൾ സ്ഥാപിക്കും. ബോധവൽക്കരണ പോസ്റ്ററുകളുടെ പ്രകാശനവും മന്ത്രി നിർവഹിച്ചു.

ശ്രദ്ധയും പരിചരണവും ആവശ്യമായ കുട്ടികളെ കണ്ടെത്തുന്നതിനുള്ള വൾനറബിൾ മാപ്പിംഗ് ഫോമുകളുടെ വിതരണോദ്ഘാടനം അധ്യക്ഷയായ ജില്ലാ കളക്ടർ ആനി ജൂല തോമസ് നിർവ്വഹിച്ചു. ജില്ലാ ശിശു സംരക്ഷണ ഓഫീസർ എൽ. രഞ്ജിനി, ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ ജി. പ്രസന്നകുമാരി, ജുവനൈൽ ജസ്റ്റിസ് ബോർഡ് അംഗങ്ങളായ സനിൽ വെള്ളിമൺ, മീനകുമാരി, ചൈൽഡ് വെൽഫെയർ കമ്മിറ്റി അംഗം ആശാ ദാസ്, ചൈൽഡ് ഹെൽപ്പ് ലൈൻ കോർഡിനേറ്റർ എസ്. ദീപക് തുടങ്ങിയവർ പ്രസംഗിച്ചു.

# ആദിച്ചനല്ലൂരിൽ അടച്ചിട്ടിരുന്ന വീടിൻെറ വാതിൽ തകർത്ത് മോഷണം

ചാത്തന്നൂർ: ആദിച്ചനല്ലൂർ കുമ്മല്ലൂർ കട്ടച്ചൽ ജംഗ്ഷനിൽ അടച്ചിട്ട വീടിൻറെ അടുക്കളവാതിൽ പൊളിച്ച് അകത്തു കയറി വൻ മോഷണം. അലമാരകൾ കുത്തിത്തുറന്നു സാധനങ്ങൾ വാരിവലിച്ചിട്ടു. കട്ടച്ചൽ ജംഗ്ഷനിൽ ഗ്രേസ് വില്ലയിൽ ബിനു സി. ലൂക്കോസിൻറെ വീട്ടിലാണ് കവർച്ച നടന്നത്. വീട്ടുടമ കൊൽക്കത്തയിലുള്ള മകളുടെ വീട്ടിൽ പോയിരുന്നതിനാൽ വീട് അടച്ചിട്ടിരിക്കുകയായിരുന്നു. വീടിൻറെ താക്കോൽ സമീപത്ത് താമസിക്കുന്ന ബന്ധുവിനെയാണ് ഏൽപ്പിച്ചിരുന്നത്.

കഴിഞ്ഞ ദിവസം രാവിലെ ബന്ധു വീട്ടിലെത്തി മുൻവാതിൽ തുറന്ന് അകത്തുകയറിയപ്പോഴാണ് മോഷണവിവരം പുറത്തറിയുന്നത്. വീടിനകത്തെ അലമാരകളെല്ലാം കുത്തിത്തുറന്ന നിലയിലായിരുന്നു. വസ്ത്രങ്ങളും മറ്റു സാധനങ്ങളും മുറിക്കുള്ളിൽ വാരിവലിച്ചിട്ട നിലയിലായിരുന്നു.

തുടർന്ന് നടത്തിയ പരിശോധനയിലാണ് അടുക്കളഭാഗത്തെ ഗ്രില്ലും തടിയുടെ പിൻവാതിലിൻറെ അടിഭാഗവും തകർത്ത നിലയിൽ കണ്ടെത്തിയത്. ഇതിലൂടെയാണ് മോഷ്ടാക്കൾ അകത്തുകയറിയതെന്നു കരുതുന്നു. അടുക്കളയിലെ ഷെൽഫുകളും പൂർണമായും അരിച്ചുപെറുക്കി സാധനങ്ങൾ നിലത്തിട്ടിട്ടുണ്ട്.

താഴത്തെ നിലയിലെയും രണ്ടാം നിലയിലെയും കിടപ്പുമുറികളിലെ അലമാരകൾ തകർത്ത് വിലപിടിപ്പുള്ള വസ്ത്രങ്ങളും മറ്റും മോഷ്ടാക്കൾ കവർന്നു. വിവരമറിഞ്ഞ് ചാത്തന്നൂർ പോലീസ് സ്ഥലത്തെത്തി പ്രാഥമിക പരിശോധനകൾ നടത്തി. തുടർന്ന് ശാസ്ത്രീയ തെളിവുകൾ ശേഖരിക്കുന്നതിനായി വിരലടയാള വിദഗ്ധരും സ്ഥലത്തെത്തി പരിശോധന നടത്തി തെളിവുകൾ ശേഖരിച്ചിട്ടുണ്ട്.

സംഭവത്തിൽ ബന്ധുവിൻറെ മൊഴി രേഖപ്പെടുത്തി ചാത്തന്നൂർ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. പ്രതികളെ കണ്ടെത്താനായി പ്രദേശത്തെയും സമീപറോഡുകളിലെയും സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് അന്വേഷണം ഊർജിതമാക്കുമെന്ന് പോലീസ് അറിയിച്ചു.

# ടാർ മിക്സിംഗ് പ്ലാൻറിലെ വിഷപ്പുക ശ്വസിച്ച് 20 വിദ്യാർഥികൾ ആശുപത്രിയിൽ

കൊട്ടിയം: ടാർ മിക്സിംഗ് പ്ലാൻറിലെ വിഷപ്പുക ശ്വസിച്ച് 20 സ്കൂൾ വിദ്യാർഥികൾ ആശുപത്രിയിലായി. കൊട്ടിയം ചൂരൽ പൊയ്കയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ടാർ മിക്സിംഗ് പ്ലാൻറിൽ നിന്നുള്ള പുകപടലങ്ങളും വിഷവാതകവും ശ്വസിച്ച നിരവധി വിദ്യാർഥികളാണ് ചികിത്സ തേടിയത്. കൊട്ടിയം ഓക്സീലിയം സ്കൂളിലെ 20 കുട്ടികളെയാണ് അസ്വസ്ഥതകൾ അനുഭവപ്പെട്ടതോടെ സമീപത്തെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ച് ചികിത്സ നൽകിയത്.

ഇന്നലെ രാവിലെ തന്നെ സ്കൂളിലെ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന ക്ലാസ് മുറികളിലെ വിദ്യാർഥികൾക്ക് അസ്വസ്ഥത അനുഭവപ്പെട്ടു. പനിയായിരിക്കുമെന്ന് കരുതി സ്കൂൾ അധികൃതർ രക്ഷാകർത്താക്കളെ വിളിച്ചു വരുത്തി കുട്ടികളെ അവർക്കൊപ്പം വിട്ടു. എന്നാൽ പിന്നീട് കൂടുതൽ വിദ്യാർഥികൾക്ക് ഛർദിയും ശ്വാസംമുട്ടലും ചൊറിയും അനുഭവപ്പെട്ടു. മാത്രമല്ല അധ്യാപകർക്കും അസ്വസ്ഥത അനുഭവപ്പെട്ടു തുടങ്ങി. ഇതോടെ സമീപത്ത് പ്രവർത്തിക്കുന്ന ടാർ പ്ലാൻറിൽ നിന്നുള്ള വിഷപ്പുകയാണെന്ന് വ്യക്തമായി. പരിസരമാകെ കനത്ത പുക കട്ടപ്പിടിക്കുവാനും തുടങ്ങി.

രണ്ടു വിദ്യാർഥികളെ സ്കൂൾ അധികൃതരും ബാക്കിയുള്ളവരെ രക്ഷിതാക്കളും എത്തി ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. പ്രാഥമിക ചികിത്സയ്ക്കു ശേഷം എല്ലാവരും ആശുപത്രി വിട്ടു. ഇന്നലെ രാവിലെ സ്കൂൾ തുറക്കുന്ന സമയത്ത് തന്നെ സ്കൂൾ പരിസരം അസഹ്യമായ ദുർഗന്ധത്തിൽ വീർപ്പുമുട്ടുന്ന നിലയിലായിരുന്നു. നിരവധി കുട്ടികൾക്ക് തലവേദനയും ശ്വാസം മുട്ടലും കണ്ണിലും ശരീരത്തിലും ചൊറിച്ചിലും ഉണ്ടായി. സ്കൂൾ കെട്ടിടത്തിൻ്റെ മുകൽ നിലയിൽ ക്ലാസുകൾ പ്രവർത്തിപ്പിക്കാനാകാത്ത സാഹചര്യമായതോടെ ക്ലാസുകളെല്ലാം താഴേക്ക് മാറ്റിയിരുന്നതായി സ്കൂൾ അധികൃതർ പറഞ്ഞു. പ്രായമേറെയുള്ള അധ്യാപകർക്കും മറ്റു നിരവധി ജീവനക്കാർക്കും ശ്വാസതടസമുണ്ടായി.

സ്കൂൾ അധികൃതർ ജില്ലാ കളക്ടർ അടക്കം ബന്ധപ്പെട്ട അധികാരികൾക്ക് നേരത്തെ തന്നെ പരാതി നൽകിയിരുന്നു. ജനവാസ മേഖലയിൽ പ്രവർത്തനം ആരംഭിച്ച ടാർ മിക്സിംഗ് കമ്പനിക്ക് എതിരെ നാട്ടുകാർ സമരസമിതി രൂപീകരിച്ച് പ്രക്ഷോഭം നടത്തി വരികയാണ്. കമ്പനിയുടെ ഒരു കിലോമീറ്റർ ചുറ്റളവിനുള്ളിൽ ഒട്ടേറെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, വയോജന സദനങ്ങൾ, അങ്കണവാടികൾ എന്നിവയും പ്രവർത്തിക്കുന്നു. സമരസമിതി ജില്ലാ കളക്ടർക്കു നൽകിയ നിവേദനത്തിനെതുടർന്ന് വില്ലേജ് ഓഫീസർ സ്ഥലം സന്ദർശിച്ച് കളക്ടർക്ക് റിപ്പോർട്ട് നൽകിയിരുന്നു.

കഴിഞ്ഞ ദിവസം ബി. ബി. ഗോപകുമാർ എംഎൽഎയും സ്ഥലം സന്ദർശിച്ചിരുന്നു. പഞ്ചായത്തിൻറെ ലൈസൻസില്ലാതെയാണ് ടാർ മിക്സിംഗ് പ്ലാൻറ് പ്രവർത്തിക്കുന്നതെന്ന് ആദിച്ചനല്ലൂർ പഞ്ചായത്ത് പ്രസിഡൻറ് ജിനോക്കി എഡ്വേർഡ് പറഞ്ഞു. കേരള സൂക്ഷ്മ, ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്ന കെ-സ്വിഫ്റ്റ് സർട്ടിഫിക്കറ്റ് പ്രകാരമാണ് കമ്പനി പ്രവർത്തിക്കുന്നത്. റോഡിൽ നിന്നും 20 മീറ്ററോളം താഴ്ചയിൽ പ്രവർത്തിക്കുന്ന കമ്പനിയുടെ പുകക്കുഴൽ സമീപത്തെ വീടുകളുടെ നിരപ്പിലാണ്. പുകക്കുഴലിൽ കൂടി വരുന്ന വിഷപ്പുക ഗുരുതരമായ അന്തരീക്ഷ മലിനീകരണവും ഗുരുതര ആരോഗ്യ പ്രശ്നങ്ങളുമാണ് ഉണ്ടാക്കുന്നത്.

അതീവ പരിസ്ഥിതി ലോല പ്രദേശത്ത് തണ്ണീർത്തടം നികത്തി പഞ്ചായത്തിൻറെ അനുമതി ഇല്ലാതെ പരിസരവാസികൾക്ക് മാരക രോഗത്തിന് കാരണമായേക്കുമെന്ന് ചൂരൽ പൊയ്ക സംരക്ഷണ സമിതി ഭാരവാഹികൾ പറഞ്ഞു. മുമ്പ് ഇതൊരു കോൺക്രീറ്റ് മിക്സിംഗ് പ്ലാൻറായിരുന്നു. പിന്നീടാണ് ടാർ മിക്സിംഗ് പ്ലാൻറായി മാറ്റിയത്. ജനങ്ങൾ പ്ലാൻറിനെതിരെ ശക്തമായ പ്രതിഷേധത്തിലാണ്.

# ടിപ്പർ ലോറി മറിഞ്ഞു; വൻ അപകടം ഒഴിവായത് തലനാരിഴയ്ക്ക്

തിരുവനന്തപുരം: ചിപ്സ് കയറ്റി വന്ന ടിപ്പർ ലോറി മറിഞ്ഞ് അപകടം. നെടുമങ്ങാട്-വെള്ളനാട് റോഡിൽ കുറിഞ്ചിലക്കോട് മണ്ണാറംപാറയിൽ കഴിഞ്ഞ ദിവസം രാവിലെ 7.30യോടെയാണ് അപകടം നടന്നത്.

കാറിനെ ഇടിക്കാതിരിക്കാനായി തിരിക്കുമ്പോൾ ലോറി മറിയുകയായിരുന്നു. ഡ്രൈവർ മാത്രമാണ് ലോറിയിൽ ഉണ്ടായിരുന്നത്. ഡ്രൈവർക്ക് പരിക്കില്ല. റോഡിൽ ആരും ഇല്ലായിരുന്നത് കൊണ്ട് വൻ അപകടം ഒഴിവായി.




# കോഴിക്കോട്ട് വീണ്ടും നിപ സ്ഥിരീകരിച്ചു; പൂനെ ലാബിലെ പരിശോധനാ ഫലവും പോസിറ്റീവ്, രോഗി ഗുരുതരാവസ്ഥയിൽ

കോഴിക്കോട്: ജില്ലയിൽ വീണ്ടും നിപ വൈറസ് ബാധ സ്ഥിരീകരിച്ചു. കോഴിക്കോട് മെഡിക്കൽ കോളജിൽ ചികിത്സയിൽ കഴിയുന്ന രാമനാട്ടുകര നഗരസഭാ പരിധിയിലെ 43കാരനാണ് രോഗം സ്ഥിരീകരിച്ചത്. ഇയാളുടെ സാമ്പിളുകൾ പൂനെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിലേക്ക് അയച്ച് നടത്തിയ വിശദമായ പരിശോധനാ ഫലവും പോസിറ്റീവായി.

കോഴിക്കോട് മെഡിക്കൽ കോളജിൽ നടത്തിയ പ്രാഥമിക പരിശോധനയിൽ ഇന്നലെ രോഗബാധ കണ്ടെത്തിയതിനെ തുടർന്നാണ് സ്രവ സാമ്പിളുകൾ പൂനെയിലേക്ക് അയച്ചത്. രോഗബാധിതനായ യുവാവ് നിലവിൽ ഗുരുതരാവസ്ഥയിൽ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലെ ഐസൊലേഷൻ വാർഡിൽ ചികിത്സയിൽ തുടരുകയാണ്. നേരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്ന രോഗിയെ ഇന്നലെ രാത്രിയോടെയാണ് മെഡിക്കൽ കോളജിലെ പ്രത്യേക ഐസൊലേഷൻ വാർഡിലേക്ക് മാറ്റിയത്. രോഗബാധ സ്ഥിരീകരിച്ച സാഹചര്യത്തിൽ ജില്ലയിൽ കടുത്ത ജാഗ്രതാ നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പൊതുജനങ്ങൾ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് ആരോഗ്യമന്ത്രി കെ. മുരളീധരൻ അറിയിച്ചു. 'രോഗിയുമായി നേരിട്ട് സമ്പർക്കം പുലർത്തിയ എല്ലാവരോടും കർശനമായി ക്വാറൻറീനിൽ പ്രവേശിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. രോഗിക്ക് കൂടുതൽ ആളുകളുമായി സമ്പർക്കമുണ്ടെന്നാണ് വിവരം. ഇതിൻറെ അടിസ്ഥാനത്തിൽ റൂട്ട് മാപ്പ് ഉടൻ തന്നെ തയാറാക്കി പുറത്തുവിടും. പ്രതിരോധ പ്രവർത്തനങ്ങൾക്കായി എല്ലാ സംവിധാനങ്ങളും സജ്ജമാണ്. '



ലോക രക്തദാതാ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം അയ്യങ്കാളി ഹാളിൽ ആരോഗ്യ വകുപ്പ് മന്ത്രി കെ മുരളീധരൻ നിർവഹിക്കുന്നു

# സംസ്ഥാനത്ത് നിപ, ഷിഗെല്ല രോഗബാധ: സ്ഥിതിഗതികൾ നിയന്ത്രണവിധേയമെന്ന് ആരോഗ്യമന്ത്രി കെ. മുരളീധരൻ

സംസ്ഥാനത്ത് നിപയും ഷിഗെല്ലയും രോഗബാധ സംബന്ധിച്ച സ്ഥിതിഗതികൾ നിയന്ത്രണവിധേയമാണെന്നും പൊതുജനങ്ങൾ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും ആരോഗ്യ വകുപ്പ് മന്ത്രി കെ. മുരളീധരൻ. കോഴിക്കോട് രാമനാട്ടുകര സ്വദേശിയായ 41 കാരന് നിപ സ്ഥിരീകരിച്ചു. പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ അന്തിമ പരിശോധനാഫലം ലഭിക്കാനുണ്ടെങ്കിലും സംസ്ഥാനതല പരിശോധനയിൽ രോഗം സ്ഥിരീകരിച്ചതായി സെക്രട്ടേറിയറ്റ് പി ആർ ചേമ്പറിൽ നടത്തിയ വാർത്താസമ്മേളനത്തിൽ മന്ത്രി അറിയിച്ചു.

രോഗിയെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റിയിട്ടുണ്ട്. രോഗിയുടെ സമ്പർക്കപ്പട്ടികയിൽ 77 പേരാണുള്ളത്. ഇതിൽ 58 പേർ ആരോഗ്യപ്രവർത്തകരും 14 പേർ കുടുംബാംഗങ്ങളും അഞ്ച് പേർ സുഹൃത്തുക്കളും സഹപ്രവർത്തകരുമാണ്. സമ്പർക്കത്തിലുള്ളവരിൽ രണ്ടുപേർ അതിതീവ്ര അപകടസാധ്യതാ വിഭാഗത്തിലും 13 പേർ ഹൈ റിസ്ക് വിഭാഗത്തിലും 62 പേർ ലോ റിസ്ക് വിഭാഗത്തിലുമാണ് ഉൾപ്പെട്ടിരിക്കുന്നത്. ഹൈ റിസ്ക് വിഭാഗത്തിലുള്ളവർക്ക് ക്വാറന്റൈൻ നിർദേശം നൽകിയിട്ടുണ്ട്. നിലവിൽ ആരിലും രോഗലക്ഷണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും കണ്ടെയ്ൻമെന്റ് സോൺ പ്രഖ്യാപിക്കേണ്ട സാഹചര്യമില്ലെന്നും മന്ത്രി പറഞ്ഞു.

പ്രതിരോധ പ്രവർത്തനങ്ങൾക്കും ചികിത്സയ്ക്കുമായി പി.പി.ഇ കിറ്റുകൾ, ഗ്ലൗസുകൾ, മാസ്കുകൾ, ആവശ്യമായ മരുന്നുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ജനങ്ങളുടെ സംശയനിവാരണത്തിനായി കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസിൽ കൺട്രോൾ റൂം (ഫോൺ നമ്പർ: 0495 2373901, 9072007767) പ്രവർത്തനമാരംഭിച്ചതായും മന്ത്രി അറിയിച്ചു.

സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, വയനാട് ജില്ലകളിലായി 20 ഷിഗെല്ല പോസിറ്റീവ് കേസുകൾ സ്ഥിരീകരിച്ചിട്ടുള്ളതായി മന്ത്രി പറഞ്ഞു. ആകെ 514 പേരെ രോഗലക്ഷണങ്ങളെ തുടർന്ന് പരിശോധനയ്ക്ക് വിധേയരാക്കിയിട്ടുണ്ട്. വിവിധ ജില്ലകളിലായി രോഗബാധിതർ ചികിത്സയിൽ തുടരുകയാണ്. ഹോട്ടലുകളിലും തട്ടുകടകളിലും ഭക്ഷ്യസുരക്ഷാ പരിശോധന കർശനമാക്കാൻ നിർദേശം നൽകിയതായും തദ്ദേശ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും സഹകരണത്തോടെ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് വരുന്നതായും മന്ത്രി അറിയിച്ചു.

നിപ ചികിത്സയ്ക്ക് ആവശ്യമായ മരുന്നുകൾക്ക് യാതൊരു ക്ഷാമവുമില്ലെന്ന് മന്ത്രി പറഞ്ഞു. വിദേശത്തുനിന്നും കൊണ്ടുവരുന്ന പ്രത്യേക മരുന്ന് നിലവിൽ ചെന്നൈയിൽ ലഭ്യമാണ്, അത് കേരളത്തിൽ എത്തിക്കാനുള്ള സജ്ജീകരണങ്ങൾ ചെയ്തിട്ടുണ്ട്. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തെ ഔദ്യോഗികമായി വിവരങ്ങൾ അറിയിച്ചു. നിപ, ഷിഗെല്ല രോഗബാധയുടെ പശ്ചാത്തലത്തിൽ ജനങ്ങൾ കൂടുതൽ ജാഗ്രത പാലിക്കണമെന്നും മന്ത്രി പറഞ്ഞു.

മെയ് മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ നിപ വ്യാപനസാധ്യത കൂടുതലായതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും വീടുകളിലോ പരിസരങ്ങളിലോ വവ്വാലുകളെ കണ്ടാൽ ബന്ധപ്പെട്ട അധികൃതരെ വിവരം അറിയിക്കണമെന്നും മന്ത്രി അഭ്യർഥിച്ചു.

# രക്തദാനവും അവയവദാനവും സമൂഹത്തിന്റെ ജീവകാരുണ്യ സംസ്കാരം: മന്ത്രി കെ മുരളീധരൻ

## ലോക രക്തദാതാ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി നിർവഹിച്ചു

രക്തദാനവും അവയവദാനവും സമൂഹത്തിന്റെ ജീവകാരുണ്യ സംസ്കാരമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി കെ. മുരളീധരൻ. രക്തദാനവും അവയവദാനവും പ്രോത്സാഹിപ്പിക്കുന്നത് സമൂഹത്തിന് വേണ്ടി ഓരോരുത്തർക്കും ചെയ്യാൻ കഴിയുന്ന മഹത്തായ സേവനമാണ്. രക്തദാനത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ മാറ്റി കൂടുതൽ ആളുകളെ ദാതാക്കളാക്കാൻ സമൂഹം മുന്നോട്ടുവരണമെന്നും മന്ത്രി പറഞ്ഞു. ലോക രക്തദാന ദിനാചരണത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ സംഘടിപ്പിച്ച സംസ്ഥാനതല പരിപാടിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

രക്തം നൽകിയാൽ ശരീരം ക്ഷീണിക്കുമെന്നതും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുമെന്നതും അടിസ്ഥാനരഹിതമായ ധാരണകളാണ്. രക്തദാനം ആരോഗ്യത്തിന് ഗുണകരമാണെന്നും ശരീരത്തിൽ രക്തം വീണ്ടും ഉൽപാദിപ്പിക്കപ്പെടുമെന്നും ഡോക്ടർമാർ വ്യക്തമാക്കുന്നുണ്ട്.

റോഡ് അപകടങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന സംസ്ഥാനത്ത് അടിയന്തര ഘട്ടങ്ങളിൽ രക്തലഭ്യത ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. പ്രസവസമയത്തും ശസ്ത്രക്രിയകൾക്കിടയിലും രക്തത്തിന്റെ ആവശ്യകത വർധിക്കുന്ന സാഹചര്യത്തിൽ മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലും ആവശ്യമായ രക്തശേഖരം നിലനിർത്താൻ കൂടുതൽ പേർ സന്നദ്ധരാകണമെന്ന് മന്ത്രി അഭ്യർഥിച്ചു.

അവയവദാനത്തെക്കുറിച്ചുള്ള അന്ധവിശ്വാസങ്ങളും സമൂഹത്തിൽ നിന്ന് മാറേണ്ടതുണ്ട്. ബ്രെയിൻ ഡെത്ത് സംഭവിക്കുന്നവരുടെ കുടുംബങ്ങൾ അവയവദാനത്തിന് സന്നദ്ധരായി മുന്നോട്ടുവരുന്നത് പ്രത്യാശ നൽകുന്ന കാര്യമാണ്. ഹൃദയം ഉൾപ്പെടെയുള്ള അവയവങ്ങൾ വേഗത്തിൽ എത്തിക്കുന്നതിനായി സർക്കാർ പ്രത്യേക ഹെലികോപ്റ്റർ സംവിധാനം ഒരുക്കിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

രോഗം വന്നശേഷമുള്ള ചികിത്സയേക്കാൾ രോഗപ്രതിരോധത്തിനാണ് പ്രാധാന്യം നൽകേണ്ടത്. ശുചിത്വക്കുറവും അശുദ്ധജലത്തിന്റെ ഉപയോഗവും മൂലമാണ് പല പകർച്ചവ്യാധികളും വ്യാപിക്കുന്നത്.

വിദ്യാലയങ്ങളിലെയും പൊതുസ്ഥാപനങ്ങളിലെയും കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുകയും ഹോട്ടലുകളിലും തട്ടുകടകളിലും കർശന പരിശോധന നടത്തുകയും വേണമെന്നും മന്ത്രി ചൂണ്ടിക്കാട്ടി. രക്തദാതാക്കൾക്കും രക്തദാനം പ്രോത്സാഹിപ്പിക്കുന്ന സ്ഥാപനങ്ങൾക്കും ഉദ്യോഗസ്ഥർക്കും മന്ത്രി ഉപഹാരങ്ങൾ സമ്മാനിച്ചു. പരിപാടിക്കു മുന്നോടിയായി രക്തദാന സന്ദേശം നൽകുന്ന മാജിക് ഷോയും കലാപരിപാടിയും അരങ്ങേറി.ചടങ്ങിൽ മേയർ വി വി രാജേഷ് അധ്യക്ഷനായി. ആരോഗ്യ വകുപ്പ് ഡയറക്ടർ കെ ജെ റീന, ഡ്രഗ്സ് കൺട്രോളർ ഡോ. സുജിത്കുമാർ, ജില്ലാ മെഡിക്കൽ ഓഫീസർ (ഹെൽത്ത്) ഡോ. ബിന്ദു മോഹൻ, കേരള സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ വൈസ് ചെയർമാനും എയിഡ്സ് കൺട്രോൾ സൊസൈറ്റി പ്രോജക്ട് ഡയറക്ടറുമായ ഡോ. പീയൂഷ് എം, വാർഡ് കൗൺസിലർ ഷേർലി തുടങ്ങിയവർ സന്നിഹിതരായി.

# ആലുവയിൽ കഞ്ചാവ് ചെടികൾ കണ്ടെത്തിയ സംഭവം; ഉപയോഗിച്ച അവശിഷ്ടങ്ങളിൽ നിന്നും വളർന്നതാകാമെന്ന് നിഗമനം

കൊച്ചി: ആലുവയിൽ ഒഴിഞ്ഞ പറമ്പുകളിൽ കഞ്ചാവ് കണ്ടത്തിയ സംഭവത്തിൽ, കഞ്ചാവ് ഉപയോഗിച്ച ശേഷം വലിച്ചെറിഞ്ഞ അവശിഷ്ടങ്ങളിൽ നിന്നും വളർന്നതാകാം എന്ന് നിഗമനം. ആലുവ തോട്ടക്കാട്ടുകര സിഗ്നൽ ജംഗ്ഷന് സമീപം ഒഴിഞ്ഞ പറമ്പിൽ പത്തോളം കഞ്ചാവ് ചെടികൾ കണ്ടെത്തിയിരുന്നു.

തോട്ടക്കാട്ടുകര ജംഗ്ഷനിൽ നിന്നും മണപ്പുറം റോഡിലേക്ക് തിരിയുന്നിടത്തെ സ്വകാര്യ വ്യക്തിയുടെ കാടുപിടിച്ച് കിടക്കുന്ന സ്ഥലത്താണ് 10 കഞ്ചാവ് ചെടികൾ കണ്ടെത്തിയത്. ആലുവ ശിവരാത്രി ഉത്സവത്തോട് അനുബന്ധിച്ച് മണപ്പുറത്തേക്ക് പോകുന്ന പലരും തമ്പടിച്ചിരുന്ന സ്ഥലമാണിത്.

സാമൂഹ്യവിരുദ്ധരുടെ ശല്യത്തെ തുടർന്ന് സ്ഥലത്ത് ഏതാനും മാസങ്ങളായി റൂഫിംഗ് ഷീറ്റ് ഉപയോഗിച്ച് വേലി കെട്ടിയിരിക്കുകയായിരുന്നു. അതിനാൽ കാട് പിടിച്ചു കിടക്കുന്ന ഈ സ്ഥലത്തേക്ക് നിലവിൽ ആളുകൾ തമ്പടിക്കാറില്ല. വലിയ ഹോർഡിംഗുകൾ വയ്ക്കാറുള്ള പറമ്പ് കൂടിയാണിത്.

രണ്ടാൾ പൊക്കത്തിൽ പത്തു മാസത്തോളം വളർച്ചയുള്ള കഞ്ചാവ് ചെടികൾ കഴിഞ്ഞ വർഷം മുളച്ചതായാണ് നിഗമനം. ഓപ്പറേഷൻ തൂഫാനുമായി ബന്ധപ്പെട്ട് പോലീസ് നിയമിച്ച വാരിയേഴ്സിൽ ഒരാളാണ് കഞ്ചാവ് ചെടികളെ കുറിച്ചുള്ള വിവരം എക്സൈസിന് കൈമാറിയത്. കാഴ്ച മറയ്ക്കുന്ന രീതിയിൽ വേലി കെട്ടിയതിനാൽ കഞ്ചാവ് ചെടികൾ വളർന്നത് അധികമാരും ശ്രദ്ധിച്ചിരുന്നില്ല.

അതേസമയം, ഇക്കഴിഞ്ഞ തിങ്കളാഴ്ചയും ആലുവയിൽ പതിറ്റാണ്ടുകളായി പൂട്ടിക്കിടന്ന കാത്തായി കോട്ടൺമിൽ വളപ്പിൽ നിന്നും ആറടിയോളം ഉയരമുള്ള 10 കഞ്ചാവ് ചെടികൾ കണ്ടെത്തിയിരുന്നു. ഇവിടെ സമീപ കാലത്ത് കാട് വെട്ടി തളിച്ച് കൃഷി ആരംഭിച്ചിരുന്നു.

വാഴകൾക്ക് സമീപത്ത് നിന്നാണ് കഞ്ചാവ് ചെടികൾ കണ്ടെത്തിയത്. ഇതുമായി ബന്ധപ്പെട്ട കേസിൽ പ്രതികളെ തെരയുന്നതിനിടെയാണ് അടുത്ത കേസും രജിസ്റ്റർ ചെയ്തത്. നേരത്തെ മണപ്പുറത്തെ കുട്ടിവനത്തിലും കഞ്ചാവ് ചെടികൾ കണ്ടെത്തിയിരുന്നു.

# തെരുവുനായ ശല്യം, യാത്രക്കാർ ഭീതിയിൽ

തിരുവനന്തപുരം: ആര്യനാട്ട് തെരുവ്നായ്ക്കളുടെ ആക്രമണം കാരണം കാൽനടയാത്ര പോലും ചെയ്യാനാകാതെ യാത്രക്കാർ ദുരിതത്തിൽ. പ്രധാനറോഡിലും, കെഎസ്ആർറ്റിസി ഡിപ്പോയിലും പോസ്റ്റ് ഓഫീസ് ജംഗ്ഷനിലും ആശുപത്രിക്ക് സമീപത്തുമായി അലഞ്ഞ് തിരിയുന്ന നായ്ക്കൾ ഇരുചക്ര വാഹന യാത്രക്കാർക്കും സ്കൂൾ വിദ്യാർഥികൾക്കും ഭീഷണിയായി മാറിയിട്ടുണ്ട്. പലർക്കും നായകളുടെ കടിയും കിട്ടി. ആര്യനാട് കാഞ്ഞിരംമുട്, ചെറിയാര്യനാട്, ചൂഴ, പാലൈക്കോണം, ഇറവൂർ, കോട്ടയ്ക്കകം, വണ്ടയ്ക്കൽ, ചേരപ്പള്ളി, പറണ്ടോട് തുടങ്ങിയ പ്രദേശങ്ങളിലാണ് തെരുവ് നായ ശല്യം രൂക്ഷമായിരിക്കുന്നത്.

ആര്യനാട് കെഎസ്ആർറ്റിസി ഡിപ്പോയാണ് നായ്ക്കളുടെ പ്രധാന താവളം. ആര്യനാട് ജംഗ്ഷനിലെ ഗാന്ധി പ്രതിമക്ക് ചുറ്റുമായി 50ലധികം നായ്ക്കളാണ് വിഹരിക്കുന്നത്. ആര്യനാട് ചന്തയിൽ നിന്നും വലിച്ചെറിയുന്ന മാംസവശിഷ്ടങ്ങളുമായി ഇറങ്ങുന്ന നായ്ക്കൾ റോഡിലെ ഇരുചക്രവാഹന യാത്രക്കാരെയും കാൽനടയാത്രക്കാരെയും അക്രമിക്കുന്നത് പതിവ് കാഴ്ചയാണ്.

ഇരു ചക്രവാഹനത്തിന് പിന്നിലൂടെ കടിക്കാനായി ഓടുന്ന നായ്ക്കളെ കണ്ട് അപകടത്തിൽപ്പെട്ടവർ നിരവധിയാണ്.

വിവിധ സ്ഥലങ്ങളിൽ നിന്ന് നായ്ക്കളെ കൂട്ടത്തോടെ വാഹനങ്ങളിൽ കൊണ്ട് വന്ന് ഇറക്കി വിടാറുണ്ടെന്നും പ്രദേശവാസികൾ പറയുന്നുതെരുവ് നായ്ക്കളുടെ ശല്യവും അപകടങ്ങളും തുടരുന്നതിനിടയിലും പഞ്ചായത്ത് അധികൃതർ മിണ്ടുന്നില്ല. ഒട്ടനവധി പരാതികൾ പഞ്ചായത്ത് അധികൃതർക്ക് നൽകിയെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചില്ലെന്ന് നാട്ടുകാർ പറയുന്നു.

തെരുവ് നായ്ക്കളുടെ വന്ധ്യംകരണ ശസ്ത്രക്രിയക്ക് ശേഷം നായ്ക്കളെ പാർപ്പിക്കുന്നതിനായി മൃഗാശുപത്രിക്ക് പുറകിലായി കൂടുകൾ സ്ഥാപിച്ചെങ്കിലും അതെല്ലാം ഉപയോഗശൂന്യമായ നിലയിലാണ്.

# ഓപ്പറേഷൻ തൂഫാൻ; നെടുമങ്ങാട്ട് കഞ്ചാവുമായി മൂന്നുപേർ പിടിയിൽ

തിരുവനന്തപുരം: നെടുമങ്ങാട്ട് ഓപ്പറേഷൻ തൂഫാനുമായി ബന്ധപ്പെട്ട് രഹസ്യവിവരം ലഭിച്ചതിൻറെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ കഞ്ചാവുമായി മൂന്നുപേരെ അറസ്റ്റ് ചെയ്തു. നെടുമങ്ങാട് പാണോട് കിഴക്കുംകര തൊട്ടുമുക്ക് നൗഫൽ (27 ), കരിപ്പൂർ പുലിപ്പാറ നരിച്ചിലോട് എആർ മൻസിലിൽ മുഹമ്മദ് റാഷിദ് (26), കരകുളം അയണിക്കാട് വടക്കേവിള നിലക്കൽ വീട്ടിൽ ശരത് ( 22) എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. ഇവരിൽ നിന്നും 1.095 കിലോ കഞ്ചാവ് പിടിച്ചെടുത്തു.

നെടുമങ്ങാട് പോലീസ് സ്റ്റേഷൻ എസ്ഐ അഭിജിത്ത്, എഎസ്ഐ സി. ബിജു, സിപിഒ അനുപം ജിത്, ഷാഡോ ടീം എഎസ്ഐ സതി, അനൂപ്, സിപിഒമാരായ അഖിൽ, ഉമേഷ് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. സ്ഥലത്ത് ഒളിച്ചിരുന്ന പ്രതികൾ പോലീസിനെ കണ്ട് കൈയിൽ ഉണ്ടായിരുന്ന കഞ്ചാവ് അടങ്ങിയ കവർ കാട്ടിലേക്ക് വലിച്ചെറിഞ്ഞ് ഓടി രക്ഷപ്പെടാൻ ശ്രമിച്ചപ്പോൾ പിന്തുടർന്ന് പിടികൂടുകയായിരുന്നു.

# ഡ്രൈവർ കം ക്ലീനർ ഒഴിവ്

കോളജ് ഓഫ് എൻജിനിയറിങ് തിരുവനന്തപുരത്തെ സർക്കാരിതര ഫണ്ടിൽ നിന്നും വേതനം നൽകുന്ന ബസ് ഡ്രൈവർ കം ക്ലീനർ താത്കാലിക തസ്തികയിൽ 178 ദിവസത്തേക്ക് ദിവസവേതനം 810 രൂപ നിരക്കിൽ ജോലി നോക്കുന്നതിന് താത്പര്യമുള്ള വ്യക്തികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. ഏഴാം ക്ലാസ് പാസ് ആണ് യോഗ്യത. ഹെവി ഡ്യൂട്ടി വെഹിക്കിൾ ലൈസൻസ് വിത്ത് ബാഡ്ജ്, 10 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം, മോട്ടോർ വാഹന നിയമം അനുശാസിക്കുന്ന പ്രകാരമുള്ള കാഴ്ച, കേൾവി എന്നിവ ഉണ്ടായിരിക്കണം. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാഹനങ്ങൾ ഓടിച്ച് പരിചയം ഉള്ളവർക്ക് മുൻഗണന. ഡ്രൈവിങ്ങുമായി ബന്ധപ്പെട്ട് മുമ്പ് ശിക്ഷാനടപടികൾക്ക് വിധേയരായവർ ആകരുത്. താത്പര്യമുള്ളവർ അപേക്ഷാഫോമിന്റെ മാതൃക ൦൦൦.രലേ.മര.ശി ൽ നിന്ന് ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് യോഗ്യതകൾ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും അവയുടെ പകർപ്പുകളും സഹിതം ജൂൺ 22 രാവിലെ 10ന് മെയിൻ ഓഫീസിൽ എത്തണം.

# പട്ടികജാതി വിഭാഗത്തിലെ യുവജനങ്ങൾക്കായി നൈപുണ്യ-തൊഴിൽ ശിൽപശാല

പട്ടികജാതി വികസന വകുപ്പ് പി.എം.എ.ജെ.എ.വൈ-ഉന്നതി (ജങഅഖഅഥഡചചഅഠക) പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗത്തിലെ യുവജനങ്ങൾക്കായുള്ള നൈപുണ്യ വികസനം, സംരംഭകത്വം, സ്ഥിരതയുള്ള തൊഴിൽ അവസരങ്ങൾ എന്നിവ ലക്ഷ്യമിട്ട് ഏകദിന ശിൽപശാല സംഘടിപ്പിക്കും. നാളെ (ജൂൺ 12) രാവിലെ 9.30ന് തിരുവനന്തപുരത്തെ അയ്യങ്കാളി ഹാളിൽ നടക്കുന്ന ശിൽപശാല പട്ടികജാതി-പട്ടികവർഗ-പിന്നാക്കക്ഷേമ വകുപ്പ് മന്ത്രി കെ. എ. തുളസി ഉദ്ഘാടനം ചെയ്യും.സംസ്ഥാന-ദേശീയ തലത്തിലുള്ള വിവിധ സർക്കാർ വകുപ്പുകൾ, സ്കിൽ ഡെവലപ്മെന്റ് ഏജൻസികൾ, ധനകാര്യ സ്ഥാപനങ്ങൾ, വ്യവസായ സംഘടനകൾ, പരിശീലന സ്ഥാപനങ്ങൾ എന്നിവയുടെ പ്രതിനിധികൾ പരിപാടിയിൽ പങ്കെടുക്കും. നൈപുണ്യ വികസനം, തൊഴിൽ, സംരംഭകത്വം, സാമ്പത്തിക ഉൾക്കൊള്ളൽ, ഉപജീവന മാർഗങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ നയിക്കും.

# കള്ളക്കടൽ ജാഗ്രത നിർദേശം

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്ത് ഇന്ന് (ജൂൺ 11 ) രാത്രി 08.30 മുതൽ ജൂൺ 12 രാത്രി 11.30 വരെ 0.8 മുതൽ 1.4 മീറ്റർ വരെ ഉയർന്ന തിരമാലകൾ കാരണം കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കണം. ചെറിയ വള്ളങ്ങളും ബോട്ടുകളും കടലിലേക്ക് ഇറക്കുന്നത് ഈ സമയത്ത് ഒഴിവാക്കേണ്ടതാണ്. കള്ളക്കടൽ പ്രതിഭാസത്തിനും ഉയർന്ന തിരമാലക്കും സാധ്യതയുള്ള ഘട്ടത്തിൽ കടലിലേക്ക് മത്സ്യബന്ധന യാനങ്ങൾ ഇറക്കുന്നത് പോലെ തന്നെ അപകടകരമാണ് കരക്കടുപ്പിക്കുന്നതും. ആയതിനാൽ തിരമാല ശക്തിപ്പെടുന്ന ഘട്ടത്തിൽ കടലിലേക്ക് ഇറക്കുന്നതും കരക്കടുപ്പിക്കുന്നതും ഒഴിവാക്കണം. ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം മുന്നറിയിപ്പ് പിൻവലിക്കുന്നത് വരെ ബീച്ചുകൾ കേന്ദ്രീകരിച്ചുള്ള വിനോദസഞ്ചാരമുൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും പൂർണ്ണമായി ഒഴിവാക്കേണ്ടതാണ്. മത്സ്യബന്ധന യാനങ്ങൾ (ബോട്ട്, വള്ളം, മുതലായവ) ഹാർബറിൽ സുരക്ഷിതമായി കെട്ടിയിട്ട് സൂക്ഷിക്കുക. വള്ളങ്ങൾ തമ്മിൽ സുരക്ഷിത അകലം പാലിക്കുന്നത് കൂട്ടിയിടിച്ചുള്ള അപകട സാധ്യത ഒഴിവാക്കാം. മൽസ്യബന്ധന ഉപകരണങ്ങളുടെ സുരക്ഷ ഉറപ്പാക്കണം.

ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായും ഒഴിവാക്കുക. തീരശോഷണത്തിനു സാധ്യതയുള്ളതിനാൽ പ്രത്യേകം ജാഗ്രത പുലർത്തണമെന്നും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി.

# അടിയന്തിര കൗൺസിൽ വിളിക്കണം, സുഗതനെ പുറത്താക്കണം: കെ. എസ്. ശബരീനാഥൻ

തിരുവനന്തപുരം: കാപ്പാ കേസ് ചുമത്തപ്പെട്ട ബിജെപി കൗൺസിലർ സുഗതനെ കൗൺസിലിൽ നിന്നും പുറത്താക്കണമെന്ന് കെ. എസ്. ശബരീനാഥൻ. ഇത്തരത്തിലുള്ള വ്യക്തി നഗരസഭയിൽ അംഗമായി തുടരുന്നത് നഗരസഭയുടെ പാരമ്പര്യത്തിനും പ്രവർത്തനത്തിനും അഭികാമ്യമല്ലെന്നും അദ്ദേഹം പറഞ്ഞു. സുഗതനെ കൗൺസിലിൽ നിന്നും പുറത്താക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനായി അടിയന്തിര കൗൺസിൽ യോഗം വിളിക്കണമെന്നാവശ്യപ്പെട്ട് നഗരസഭ സെക്രട്ടറിയ്ക്ക് കത്ത് നൽകിയെന്നും ശബരീനാഥൻ വ്യക്തമാക്കി.

# ബംഗളൂരുവിൽ വാഹനാപകടം; മലയാളിയായ നാല് വയസുകാരൻ മരിച്ചു

ബംഗളൂരു: ബംഗളൂരുവിലെ വാഹനാപകടത്തിൽ നാലു വയസുകാരനായ മലയാളി ബാലൻ മരിച്ചു. മലപ്പുറം കോട്ടക്കയ്ൽ പറപ്പൂർ കിഴക്കേകുണ്ട് ചാലിൽ വീട്ടിൽ എംസി ആദിലിൻറെ മകൻ ഈസ ആദിൽ ആണ് മരിച്ചത്.

ബുധനാഴ്ച രാവിലെ സർജാപുരയിലായിരുന്നു അപകടം. ഈസ ആദിലിനെ നഴ്സറിയിൽനിന്നു തിരികെ വീട്ടിലേക്കു കൊണ്ടുവരുമ്പോഴാണ് അപകടം ഉണ്ടായത്. ഗുഡ്സ് ഓട്ടോയുടെ പിന്നിലിടിച്ച സ്കൂട്ടറിൽ നിന്ന് കുട്ടി തെറിച്ചുവീഴുകയായിരുന്നു.

സ്കൂട്ടർ ഓടിച്ചിരുന്ന മാതാവ് ഷഹീബയെ പരിക്കുകളോടെ വർത്തൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കുട്ടിയുടെ മൃതദേഹം അത്തിബലെ ഓക്സ്ഫഡ് മെഡിക്കൽ കോളജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിനുശേഷം ഓൾ ഇന്ത്യ കെഎംസിസി പ്രവർത്തകരുടെ സഹായത്തോടെ ഇന്നു നാട്ടിലേക്ക് കൊണ്ടുപോകും.

# സർവം കുഴിമയം, പരാതിക്ക് പിന്നാലെ പാച്ച് വർക്ക്; അങ്കമാലി റോഡിലെ കുഴികൾ അടച്ചു

കൊച്ചി: കാലവർഷം ശക്തിപ്പെട്ടതോടെ അങ്കമാലി എംസി റോഡിൽ രൂപപ്പെട്ട കുഴികൾ അടച്ചു. മഴക്കാലത്ത് കുഴികളിൽ വെള്ളം കെട്ടിക്കിടക്കുന്നതിനാൽ ഇരുചക്രവാഹനങ്ങൾ അപകടത്തിൽ പെടുന്നത് നിത്യ സംഭവമായി മാറിയിരുന്നു. കുഴിയിൽ ചാടാതിരിക്കാൻ വെട്ടിക്കുന്ന വണ്ടികളും അപകടത്തിൽ പെട്ടിരുന്നു.

അടിയന്തരമായി കുഴികൾ അടയ്ക്കണമെന്ന് ആവശ്യപ്പെട്ട് നഗരസഭ പ്രതിപക്ഷ നേതാവ് ടി. വൈ. ഏല്യാസ് പൊതുമരാമത്ത് മന്ത്രിക്കും ഉന്നത ഉദ്യോഗസ്ഥർക്കും പരാതി നൽകിയിരുന്നു. ഇതിനെ തുടർന്നാണ് റോഡിലെ കുഴികൾ പാച്ച് വർക്ക് നടത്തി അടയ്ക്കാൻ ആരംഭിച്ചത്. ഇന്നലെയും ഇന്നുമായാണ് കുഴികൾ അടച്ചത്.



തിരുവനന്തപുരം നഗരത്തിലെ വെള്ളക്കെട്ടും കുടിവെള്ളക്ഷാമവും പരിഹരിക്കുന്നതിന് വേണ്ടി ജലസേചന മന്ത്രി മോൺസ് ജോസഫിൻറെ നേതൃത്വത്തിൽ ചേർന്ന യോഗം. മന്ത്രിമാരായ സി പി ജോൺ, കെ മുരളീധരൻ, മേയർ വി വി രാജേഷ്, കലക്ടർ അനു കുമാരി തുടങ്ങിയവർ സമീപം.

# തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ അടിയന്തര നടപടി

## വെള്ളക്കെട്ട് ഒഴിവാക്കാനും തീരശോഷണം തടയാനും പ്രത്യേക പദ്ധതി

തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനും മഴക്കാലവുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി സെക്രട്ടറിയേറ്റിൽ ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനം. ജലവിഭവ വകുപ്പ് മന്ത്രി മോൻസ് ജോസഫ്, ആരോഗ്യ വകുപ്പ് മന്ത്രി കെ. മുരീധരൻ, ഗതാഗത വകുപ്പ് മന്ത്രി സി. പി. ജോൺ എന്നിവർ സംയുക്തമായി വിളിച്ചുചേർത്ത വകുപ്പ് മേധാവികളുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും യോഗത്തിലാണ് തീരുമാനങ്ങൾ ഉണ്ടായത്. തിരുവനന്തപുരം കോർപ്പറേഷൻ മേയർ വി. വി. രാജേഷ്, ജില്ലാ കളക്ടർ അനുകുമാരി എന്നിവർ പങ്കെടുത്തു.

നഗരത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് യോഗം നിർദേശിച്ചു. നിലവിൽ കുടിവെള്ളം ലഭിക്കാത്ത സ്ഥലങ്ങളിൽ അടിയന്തിരമായി ജലലഭ്യത ഉറപ്പാക്കും. ഭാവിയിലെ വെല്ലുവിളികൾ കൂടി മുന്നിൽ കണ്ട് വാട്ടർ അതോറിറ്റി ശാശ്വത പരിഹാര പദ്ധതികൾ തയ്യാറാക്കണമെന്നും മന്ത്രിമാർ നിർദേശിച്ചു. ലീക്കേജ് കുറയ്ക്കുന്നതിനുള്ള നടപടികൾ ശക്തമാക്കി ജല വിതരണത്തിലെ പ്രസരണ നഷ്ടം പരമാവധി കുറക്കണം. കുടിവെള്ള ലഭ്യത കുറവുള്ള സാഹചര്യങ്ങളിൽ കോർപ്പറേഷനും വാട്ടർ അതോറിറ്റിയും ചേർന്ന് സംയുക്തമായി ജലവിതരണം ഉറപ്പാക്കും. ഇതുമായി ബന്ധപ്പെട്ട അറിയിപ്പുകൾ ജനപ്രതിനിധികളിലൂടെയും മാധ്യമങ്ങളിലൂടെയും സമയ ബന്ധിതമായി നൽകും.

കഴക്കൂട്ടമടക്കമുള്ള പ്രദേശങ്ങളിൽ ഐടി കമ്പനികളുമായി സഹകരിച്ച് പ്രത്യേക ജലസേചന പദ്ധതി ആരംഭിക്കുന്നത് പരിഗണിക്കും. ഐടി കമ്പനികളുടെ സഹകരണത്തോടെ മഴവെള്ള ശേഖരണ സംവിധാനം പ്രോത്സാഹിപ്പിക്കും. നിലവിലെ പേപ്പാറ ഡാമിന്റെ ശേഷി പരമാവധി ഉപയോഗിക്കുന്നതിനെ കുറിച്ചു ചർച്ച നടത്തും.മഴക്കാലത്ത് നഗരത്തിൽ രൂപപ്പെടുന്ന വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ദേശീയപാത അതോറിറ്റിക്ക് അടിയന്തര നിർദേശങ്ങൾ നൽകും. വെള്ളപ്പൊക്ക ഓടകളും ചാലുകളും വിവിധ വകുപ്പുകളുടെ നിയന്ത്രണത്തിലുള്ളതിനാൽ ഏകോപനത്തോടെ സമയബന്ധിതമായി ശുചീകരണം പൂർത്തിയാക്കാൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി. പാർവതി പുത്തനാറിൽ ആഴ്ചയിൽ രണ്ട് തവണ ഉദ്യോഗസ്ഥ തല പരിശോധന നടത്തും. ആമയിഴഞ്ചാൻ തോടിനായി പ്രത്യേക കർമ പദ്ധതിയും നടപ്പാക്കും.പൊഴിയൂർ, ബീമാപള്ളി മേഖലയിലെ തീരശോഷണം വിലയിരുത്തി പ്രതിരോധ നടപടികൾ സ്വീകരിക്കും. കടലാക്രമണം തടയുന്നതിനായി ജിയോബാഗുകൾ നിക്ഷേപിക്കുന്നതിനും അനുമതി നൽകും.

മഴക്കാല രോഗബാധ തടയുന്നതിനുള്ള ബോധവത്കരണ നിർദേശങ്ങൾ സ്കൂൾ അസംബ്ലികളിൽ നൽകും. നഗരത്തിൽ മാലിന്യ നിക്ഷേപം തടയുന്നതിനായി പോലീസും കോർപ്പറേഷനും സംയുക്ത പരിശോധന ശക്തമാക്കും. സി.സി.ടി.വി ദൃശ്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി കുറ്റവാളികളെ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനും യോഗം നിർദേശിച്ചു.

# വനിതാ ഡോക്ടർ മരിച്ച നിലയിൽ; ഭർത്താവ് ഒളിവിൽ

അമൃതസർ: പഞ്ചാബിൽ വനിതാ ഡോക്ടറെ ജീവനൊടുക്കിയ നിലയിൽ കണ്ടെത്തി. ജലന്ധറിലെ നാഷണൽ ഐ ഹോസ്പിറ്റലിൻറെ ഉടമയും ഡോക്ടറുമായ പീയൂഷിൻറെ ഭാര്യ ഡോ. മീനാക്ഷിയെയാണ് മുറിയിൽ തൂങ്ങി മരിച്ചനിലയിൽ കണ്ടെത്തിയത്.

പീയുഷുമായി പിരിഞ്ഞ് ഒറ്റയ്ക്ക് താമസിച്ചുവരികയായിരുന്നു മീനാക്ഷി. 2018 ഒക്ടോബറിലായിരുന്നു ഇരുവരുടെയും വിവാഹം. ആശുപത്രിയിലെ ഒരു നഴ്സുമായി പീയുഷിന് അവിഹിത ബന്ധമുണ്ടായിരുന്നുവെന്ന് മീനാക്ഷിയുടെ മാതാപിതാക്കൾ ആരോപിച്ചു.

ഇവർ തമ്മിലുള്ള ബന്ധത്തിൻറെ ദൃശ്യങ്ങൾ സിസിടിവിയിലൂടെ കണ്ടെത്തിയ മീനാക്ഷി, ഇതേക്കുറിച്ച് പീയുഷിനോടു ചോദിക്കുകയും ഇവർ തമ്മിൽ വഴക്കുണ്ടാകുകയും ചെയ്തിരുന്നു. പീയുഷ്, മീനാക്ഷിയെ പതിവായി മർദിച്ചിരുന്നുവെന്ന് മീനാക്ഷിയുടെ മാതാവ് ആരോപിച്ചു. പലപ്പോഴും ആക്രമണത്തിന് ശേഷം 'ഞാൻ മീനാക്ഷിയെ അടിച്ചു, എനിക്ക് തെറ്റുപറ്റി' എന്ന് പീയുഷ് പറയുമായിരുന്നുവെന്ന് മീനാക്ഷിയുടെ മാതാവ് വെളിപ്പെടുത്തി.

പീയുഷിൻറെ ശാരീരിക ആക്രമണത്തിൽ മടുത്ത മീനാക്ഷി, 2025 ജൂലൈ മുതൽ ഒറ്റയ്ക്ക് താമസിച്ചുവരികയായിരുന്നു. ഇവർ വിവാഹമോചനം തേടുന്നതിനുള്ള തയാറെടുപ്പിലായിരുന്നു.

മീനാക്ഷി സ്വന്തമായി ഒരു വീട് വാങ്ങാൻ പദ്ധതിയിട്ടിരുന്നു. ഇതിനായി ബാങ്കിൽ പോയപ്പോൾ, തൻറെ പേരിൽ 2.5 കോടി രൂപയുടെ വായ്പ ഉണ്ടെന്ന് അവർ കണ്ടെത്തി

'ഇത് ആത്മഹത്യയാണോ കൊലപാതകമാണോ എന്ന് ഞങ്ങൾക്ക് അറിയില്ല. പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ കാരണം വ്യക്തമാകൂ'. - മീനാക്ഷിയുടെ അമ്മ പറഞ്ഞു.

മീനാക്ഷിയുടെ കുടുംബത്തിൻറെ പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പീയൂഷിൻറെ ഫോൺ നിലവിൽ സ്വിച്ച് ഓഫ് ആണ്. അദ്ദേഹത്തെ ഇതുവരെ ചോദ്യം ചെയ്തിട്ടില്ലെന്ന് പോലീസ് പറഞ്ഞു.

# ആധാർ സേവനങ്ങൾ: പൊതുജനങ്ങൾ അറിയേണ്ട പ്രധാന വിവരങ്ങൾ

കേരളത്തിൽ ആധാറിന്റെ നോഡൽ ഏജൻസിയായി കേരള സംസ്ഥാന ഐ.ടി. മിഷനെയാണ് സംസ്ഥാന സർക്കാരും ഭാരതീയ സവിശേഷ തിരിച്ചറിയൽ അതോറിറ്റിയും (UIDAI) ചുമതലപ്പെടുത്തിയിരിക്കുന്നത്. ആധാർ സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ താഴെ നൽകുന്നു:

കുട്ടികളുടെ ആധാർ രജിസ്ട്രേഷൻ (0 5 വയസ്സ്)

നവജാത ശിശുക്കൾക്ക് ഉൾപ്പെടെ 5 വയസ്സുവരെയുള്ള കുട്ടികൾക്ക് ആധാർ എടുക്കാവുന്നതാണ്. ഈ പ്രായത്തിലുള്ള കുട്ടികളുടെ ബയോമെട്രിക്സ് (വിരലടയാളം, കൺപോളകളുടെ രേഖ എന്നിവ) ശേഖരിക്കാറില്ല. മാതാപിതാക്കളുടെ ആധാറുമായി ബന്ധിപ്പിച്ചാണ് കുട്ടികൾക്ക് ആധാർ നൽകുന്നത്. കുട്ടിയുടെ ജനന സർട്ടിഫിക്കറ്റ് മാത്രം ഹാജരാക്കിയാൽ മതിയാകും. കുട്ടികൾക്ക് ഭാവിയിൽ വിവിധ സർക്കാർ ആനുകൂല്യങ്ങൾ തടസ്സമില്ലാതെ ലഭിക്കാൻ ജനന സർട്ടിഫിക്കറ്റ് ലഭിച്ചയുടൻ തന്നെ ആധാർ എടുക്കാൻ ശ്രദ്ധിക്കുക.

നിർബന്ധിത ബയോമെട്രിക് പുതുക്കൽ (സെപ്റ്റംബർ 2026 വരെ സൗജന്യം)

കുട്ടികൾക്ക് 5 വയസ്സിലും 15 വയസ്സിലും ബയോമെട്രിക് വിവരങ്ങൾ (വിരലടയാളം, കൺപോളകളുടെ രേഖ, ഫോട്ടോ) നിർബന്ധമായും പുതുക്കേണ്ടതുണ്ട്. 5 വയസ്സ് മുതൽ 17 വയസ്സ് വരെയുള്ള കുട്ടികളുടെ ഈ നിർബന്ധിത പുതുക്കൽ സെപ്റ്റംബർ 2026 വരെ തികച്ചും സൗജന്യമായി എല്ലാ ആധാർ കേന്ദ്രങ്ങളിലും ലഭ്യമാണ്. കൃത്യസമയത്ത് ബയോമെട്രിക്സ് പുതുക്കാത്ത ആധാർ കാർഡുകൾ താൽക്കാലികമായി അസാധുവാകാൻ സാധ്യതയുണ്ട്.

സ്കോളർഷിപ്പുകൾ, റേഷൻ കാർഡിൽ പേര് ചേർക്കൽ, സ്കൂൾ/കോളേജ് അഡ്മിഷനുകൾ, ഡിജിലോക്കർ, അപാര് (APAAR), പാൻ കാർഡ് എന്നിവയ്ക്ക് ആധാർ അത്യാവശ്യമാണ്. സമയബന്ധിതമായി ഇത് പുതുക്കുന്നത് വഴി നീറ്റ്, ജെ.ഇ.ഇ. തുടങ്ങിയ മത്സരപ്പരീക്ഷകൾക്ക് രജിസ്റ്റർ ചെയ്യുമ്പോൾ വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാം.

മൊബൈൽ നമ്പർ, ഇ-മെയിൽ അപ്ഡേറ്റ് ചെയ്യൽ

വിവിധ സർക്കാർ വകുപ്പുകളുടെ ഓൺലൈൻ സേവനങ്ങൾ ആധാറുമായി ബന്ധിപ്പിച്ച മൊബൈൽ നമ്പറിലേക്ക് വരുന്ന ഒ.ടി.പി. വഴി മാത്രമാണ് ലഭ്യമാകുന്നത്. അതിനാൽ നിലവിൽ ഉപയോഗിക്കുന്ന മൊബൈൽ നമ്പറും ഇ-മെയിൽ ഐഡിയും ആധാറിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക. പുതിയ ആധാർ എടുക്കൽ, ബയോമെട്രിക് പുതുക്കൽ, മൊബൈൽ/ഇ-മെയിൽ മാറ്റൽ തുടങ്ങിയ എല്ലാ സേവനങ്ങളും സംസ്ഥാനത്തെ എല്ലാ അക്ഷയ കേന്ദ്രങ്ങൾ വഴിയും മറ്റ് അംഗീകൃത ആധാർ കേന്ദ്രങ്ങൾ വഴിയും ലഭ്യമാണ്.

സംശയങ്ങൾക്കും പരാതികൾക്കും: സിറ്റിസൺ കോൾ സെന്റർ: 1800-4251-1800 (ടോൾ ഫ്രീ) / 04712335523, കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ (ആധാർ സെക്ഷൻ): 0471-2525442, ഇ - മെയിൽ: uidhelpdesk@kerala.gov.in.

# കർഷകരുടെ ആശങ്കകൾക്ക് അതിവേഗം പരിഹാരം; കൃഷി വകുപ്പിൽ ഹെൽപ്പ് ലൈൻ സംവിധാനവും നിരീക്ഷണ കേന്ദ്രവും ആരംഭിച്ചു

## സംസ്ഥാനതല ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി ടി. സിദ്ദിഖ് നിർവഹിച്ചു.

സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനങ്ങൾ അപ്രതീക്ഷിതവും തീവ്രവുമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, കർഷകർക്ക് പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നഷ്ടങ്ങൾക്ക് വേഗത്തിൽ സഹായവും മാർഗനിർദേശവും ലഭ്യമാക്കുന്നതിനായി ഡയറക്ടറേറ്റിലും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേക ഹെൽപ്പ് ലൈൻ സംവിധാനവും സംസ്ഥാനതല നിരീക്ഷണ കേന്ദ്രവും പ്രവർത്തനം ആരംഭിച്ചു. കേന്ദ്രീകൃത നിരീക്ഷണ സംവിധാനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി ടി. സിദ്ദിഖ് സെക്രട്ടേറിയറ്റിലെ മന്ത്രിയുടെ ഓഫീസിൽ നിർവഹിച്ചു. കർഷകരുടെ പരാതികളും സംശയങ്ങളും അടിയന്തരമായി പരിഗണിച്ച് ആവശ്യമായ ഇടപെടലുകൾ ഉറപ്പാക്കുന്നതിനുള്ള ഈ സംവിധാനം കർഷക സമൂഹത്തിന് വലിയ ആശ്വാസമാകുമെന്ന് മന്ത്രി പറഞ്ഞു.

ഇതിനോടനുബന്ധിച്ച്, എയിംസ് (അകണ്ട) പോർട്ടൽ മുഖേന കർഷകർ സമർപ്പിക്കുന്ന അപേക്ഷകളുടെയും നഷ്ടപരിഹാര നടപടികളുടെയും പുരോഗതി തത്സമയം നിരീക്ഷിക്കാൻ കഴിയുന്ന ഡാറ്റാബേസും സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കൃഷിനാശ റിപ്പോർട്ടുകൾ, അപേക്ഷകളുടെ നില, നഷ്ടപരിഹാര വിതരണ പുരോഗതി തുടങ്ങിയ വിവരങ്ങൾ ഇനി മുതൽ സംസ്ഥാന തലത്തിൽ നേരിട്ട് വിലയിരുത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കാനും സാധിക്കും.

കോഴിക്കോട് ജില്ലയിലെ കാവിലുംപാറ, മരുതോങ്കര എന്നിവിടങ്ങളിൽ ഉണ്ടായ കൃഷിനാശനഷ്ടത്തിന് അടിയന്തിരമായി നഷ്ടപരിഹാരം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ മന്ത്രി നിർദ്ദേശം നൽകി. പ്രകൃതിക്ഷോഭം, രോഗ-കീടബാധ, വന്യജീവി ആക്രമണം തുടങ്ങിയ കാരണങ്ങളാൽ കൃഷിനാശം നേരിടുന്ന കർഷകർക്ക് കൈത്താങ്ങാകുന്ന സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയും പ്രകൃതിക്ഷോഭ നഷ്ടപരിഹാര സംവിധാനവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനാണ് പുതിയ സജ്ജീകരണങ്ങൾ ലക്ഷ്യമിടുന്നത്. നിലവിൽ പ്രകൃതിക്ഷോഭം/ വിള ഇൻഷുറൻസ് പദ്ധതി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കാലവിളംബം നേരിട്ടിരുന്നു. അത് പരിഹരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് കൃഷി വകുപ്പ് ഇത്തരത്തിൽ ഒരു സംവിധാനം ഏർപ്പെടുത്തിയത്.പ്രകൃതിക്ഷോഭമുണ്ടാകുന്ന സാഹചര്യങ്ങളിൽ കർഷകർക്ക് ആവശ്യമായ മാർഗനിർദേശങ്ങളും സഹായങ്ങളും ലഭ്യമാക്കുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്.

പുതിയ ഹെൽപ്പ് ലൈൻ സംവിധാനവും നിരീക്ഷണ കേന്ദ്രവും പ്രവർത്തനസജ്ജമാകുന്നതോടെ കർഷകരുടെ പരാതികൾക്കും അപേക്ഷകൾക്കും കൂടുതൽ വേഗത്തിലും കാര്യക്ഷമമായും പരിഹാരം കാണാൻ സാധിക്കും.

സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ ഇൻഷുർ ചെയ്ത വിളകൾക്ക് പ്രകൃതിക്ഷോഭം മൂലം നാശനഷ്ടം സംഭവിക്കുമ്പോൾ കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കും. കൂടാതെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള വിഹിതവും പ്രകൃതിക്ഷോഭങ്ങൾക്കായുള്ള അടിയന്തര സഹായ പദ്ധതിയിലൂടെയുള്ള സഹായവും കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

എയിംസ് പോർട്ടൽ മുഖേന പൂർണമായും ഓൺലൈനായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ, പ്രകൃതിക്ഷോഭം ഉണ്ടായാൽ ബന്ധപ്പെട്ട കൃഷിഭവൻ ഉദ്യോഗസ്ഥർ സ്ഥലത്തെത്തി നഷ്ടം വിലയിരുത്തി 24 മണിക്കൂറിനുള്ളിൽ എഫ്ഐആർ (എകഞ) തയ്യാറാക്കി പോർട്ടലിൽ അപ്ലോഡ് ചെയ്യും. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഷ്ടം സംഭവിച്ച കർഷകർക്ക് സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി 15 ദിവസത്തിനുള്ളിലും, പ്രകൃതിക്ഷോഭ നഷ്ടപരിഹാര പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി 10 ദിവസത്തിനുള്ളിലുമാണ് എയിംസ് പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കേണ്ടത്.

കർഷകരുടെ പ്രശ്നങ്ങൾ സർക്കാർ സംവിധാനങ്ങളുടെ ശ്രദ്ധയിൽ ഉടൻ എത്തിക്കുകയും നഷ്ടപരിഹാര നടപടികൾ കാലതാമസമില്ലാതെ ഉറപ്പാക്കുകയും ചെയ്യുന്ന ഈ സംവിധാനം കാലാവസ്ഥാ വ്യതിയാന വെല്ലുവിളികൾക്കിടയിലും കർഷകരെ ചേർത്തുപിടിക്കുന്ന സംസ്ഥാന സർക്കാരിന്റെ പ്രതിബദ്ധതയുടെ മറ്റൊരു തെളിവാണ്. നിരീക്ഷണ കേന്ദ്രത്തിന്റെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ കൃഷി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി. വി. സുഭാഷ്, കൃഷി വകുപ്പ് ഡയറക്ടർ ശ്രീറാം വെങ്കിട്ടരാമൻ, പ്രൈവറ്റ് സെക്രട്ടറി എ. ആർ.അജയ് കുമാർ, കൃഷി അഡിഷണൽ ഡയറക്ടർ സപ്ന എസ്. മറ്റ് കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# അപേക്ഷ ക്ഷണിച്ചു

2026-28 വർഷത്തെ ദ്വിവത്സര നഴ്സറി ടീച്ചർ എഡ്യൂക്കേഷൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള 08/06/2026 ലെ എൻ.എസ്.(4)/9884/2026 വിജ്ഞാപന പ്രകാരം അപേക്ഷകൾ ജൂലൈ 1 വൈകിട്ട് 5 വരെ സ്വീകരിക്കും.

# ഭരിക്കുന്നത് ആരെന്ന് നോക്കിയല്ല നിപയും കോവിഡും വരുന്നത്; ആരോഗ്യമന്ത്രിയെ വിമർശിച്ച് കെ. കെ. ഷൈലജ

കാസർഗോഡ്: ഭരിക്കുന്നവർ കൊള്ളാത്തതുകൊണ്ടാണ് നിപ പോലുള്ള അസുഖങ്ങൾ വരുന്നതെന്ന ആരോഗ്യമന്ത്രി കെ മുരളീധരൻറെ പഴയ പ്രസ്താവനയ്ക്ക് മറുപടിയുമായി മുൻ ആരോഗ്യമന്ത്രി കെ. കെ. ഷൈലജ. ഭരിക്കുന്നത് ആരെന്ന് നോക്കിയല്ല നിപയും കോവിഡും വരുന്നതെന്ന് ഷൈലജ പ്രതികരിച്ചു.

കൃത്യമായ പ്രതിരോധ നടപടികൾ സ്വീകരിക്കുകയാണ് ഭരിക്കുന്നവരുടെ ഉത്തരവാദിത്വം. മുമ്പ് തന്നെ നിപ റാണി എന്ന് വിളിച്ച് അപമാനിച്ചിരുന്നു. അത്തരത്തിലുള്ള പ്രതികരണങ്ങൾ തങ്ങൾ നടത്തില്ല. കക്ഷിരാഷ്ട്രീയം നോക്കാതെ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തണമെന്നും കെ കെ ശൈലജ പറഞ്ഞു.

നിപ വൈറസ് ബാധയെ ഭയത്തോടെയല്ല, മറിച്ച് അതീവ ജാഗ്രതയോടെ നേരിടണം. രോഗം പ്രതിരോധിക്കാനുള്ള വ്യക്തമായ പ്രോട്ടോകോൾ നിലവിലുണ്ടെന്നും, ആരോഗ്യരംഗം ഇതിനായി പൂർണ്ണ സജ്ജമാണെന്നും അവർ പറഞ്ഞു.

പ്രതിരോധ പ്രവർത്തനങ്ങളിൽ കൃത്യവിലോപം കാണിക്കരുത്. വാക്സിൻ ലഭ്യത ഉറപ്പാക്കുന്നതുൾപ്പെടെയുള്ള മുൻകരുതലുകൾ എടുക്കണമെന്നും അവർ കൂട്ടിച്ചേർത്തു.

# വിദ്യാർത്ഥിനികളുടെ പരാതികൾ നേരിട്ട് കേട്ട് മന്ത്രി കെ.എ. തുളസി; പൂച്ചെടിവിള ഹോസ്റ്റലിൽ അടിയന്തര ഇടപെടൽ

പട്ടികജാതി വികസന വകുപ്പിന് കീഴിൽ പൂച്ചെടിവിളയിൽ പ്രവർത്തിക്കുന്ന പോസ്റ്റ് മെട്രിക് ഗേൾസ് ഹോസ്റ്റൽ പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വികസന വകുപ്പ് മന്ത്രി കെ.എ. തുളസി സന്ദർശിച്ചു. ഹോസ്റ്റലിലെ അടിസ്ഥാന സൗകര്യങ്ങളും അന്തേവാസികളായ വിദ്യാർത്ഥിനികൾ നേരിടുന്ന വിവിധ പ്രശ്നങ്ങളും നേരിട്ട് മനസ്സിലാക്കി ആവശ്യമായ നടപടികൾ ഉറപ്പാക്കുന്നതിനായിരുന്നു സന്ദർശനം.

സന്ദർശനത്തിനിടെ ഹോസ്റ്റലിലെ വിദ്യാർത്ഥിനികളുമായി മന്ത്രി നേരിട്ട് ആശയവിനിമയം നടത്തി. ടോയ്ലറ്റുകളുടെ നവീകരണം അടിയന്തരമായി നടത്തുക, നിലവിലുള്ള ഹോസ്റ്റൽ സമയക്രമത്തിൽ പ്രായോഗികമായ മാറ്റങ്ങൾ വരുത്തുക, വിദ്യാർത്ഥിനികളുടെ ആവശ്യങ്ങൾ പരിഗണിച്ച് സമയം ദീർഘിപ്പിക്കുക, ഭക്ഷണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളാണ് വിദ്യാർത്ഥിനികൾ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയത്.

പ്ലസ് വൺ മുതൽ വിവിധ ഉന്നത വിദ്യാഭ്യാസ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്കായി പ്രവർത്തിക്കുന്ന ഈ ഹോസ്റ്റലിൽ ഏകദേശം 300 പേർക്ക് താമസസൗകര്യമുണ്ട്. നിലവിൽ 200 ഓളം വിദ്യാർത്ഥിനികളാണ് ഇവിടെ താമസിക്കുന്നത്.

വിദ്യാർത്ഥിനികളുടെ പരാതികളും നിർദേശങ്ങളും അനുഭാവപൂർവം കേട്ട മന്ത്രി, ഹോസ്റ്റലിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അടിയന്തര നടപടി സ്വീകരിക്കുമെന്നും സമയക്രമം ഉൾപ്പെടെയുള്ള ആവശ്യങ്ങളിൽ പ്രായോഗികമായ പരിഹാരം കണ്ടെത്തുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുമെന്നും അറിയിച്ചു. വിദ്യാർത്ഥിനികൾക്ക് സുരക്ഷിതവും സൗകര്യപ്രദവുമായ താമസ-പഠനാന്തരീക്ഷം ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും മന്ത്രി പറഞ്ഞു.



Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ലേബർ കോഡ് :ഭതൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ശിൽപശാല സംഘടിപ്പിക്കും; മന്ത്രി ബിന്ദു കൃഷ്ണ

കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ലേബർ കോഡുകളിന്മേൽ കരട് ചട്ടം തയ്യാറാക്കുന്നതിന് അഭിപ്രായം സ്വീകരിക്കാൻ വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി തൊഴിൽ മന്ത്രി ബിന്ദു കൃഷ്ണ ചർച്ച നടത്തി. തൊഴിലാളി യൂണിയൻ പ്രതിനിധികളെ ഉൾപ്പെടെ പങ്കെടുപ്പിച്ച് ശില്പശാല നടത്തുമെന്ന് മന്ത്രി ബിന്ദു കൃഷ്ണ യോഗത്തിൽ അറിയിച്ചു. പുതിയ ലേബർകോഡ് നടപ്പാക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിശദമായ ചർച്ച നടത്തുമെന്നും തൊഴിൽ വകുപ്പ് മന്ത്രി പറഞ്ഞു.



ലേബർ കോഡുകളിന്മേൽ കരട് ചട്ടം തയ്യാറാക്കുന്നതിന് അഭിപ്രായം സ്വീകരിക്കാൻ വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി തൊഴിൽ മന്ത്രി ബിന്ദു കൃഷ്ണ നടത്തിയ ചർച്ച

തൊഴിലാളി യൂണിയൻ പ്രതിനിധികൾ, തൊഴിലുടമ പ്രതിനിധികൾ, വിഷയ വിദഗ്ദ്ധർ, നിയമ വിദഗ്ദ്ധർ തുടങ്ങിയവരെയെല്ലാം വിശദ ചർച്ചയുടെ ഭാഗമാകും. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനം തയാറാക്കിയ കരട് നിയമത്തിന്റെ അന്തിമരൂപം ഒരാഴ്ചയ്ക്കുള്ളിൽ തയാറാവും. ഇതോടൊപ്പം ഗോപാൽ ഗൗഡ കമ്മിറ്റി റിപ്പോർട്ടും പുതിയ നിർദേശങ്ങളും വിശദചർച്ചയിൽ പരിഗണിക്കും. ചർച്ചയിൽ ഉയരുന്ന നിർദേശങ്ങളും ഉൾപ്പെടുത്തിയാകും തുടർ നടപടി സ്വീകരിക്കുക. കേന്ദ്രസർക്കാർ ലേബർ കോഡിന്റെ അന്തിമരൂപം പ്രസിദ്ധീകരിച്ചു കഴിഞ്ഞു. കഴിഞ്ഞ ജൂൺ എട്ടിന് ഇത് സംബന്ധിച്ച് എല്ലാ സംസ്ഥാനങ്ങളിലെയും തൊഴിൽമന്ത്രിമാരുമായി കേന്ദ്ര തൊഴിൽ മന്ത്രി ചർച്ച നടത്തിയിരുന്നു.സംസ്ഥാനങ്ങളും റൂൾസ് പ്രസിദ്ധീകരിക്കണമെന്ന കർശന നിർദ്ദേശം ഈ യോഗത്തിൽ കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ട്. കേന്ദ്രനിയമത്തെ മറികടക്കുന്ന സംസ്ഥാനനിയമം കൊണ്ടുവരുന്നതിന് ചില പരിമിതികളുണ്ട്. അതേ സമയം നിയമത്തിലെ സ്വീകരിക്കാവുന്ന നിർദ്ദേശങ്ങളുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കാമെന്നും യോഗത്തിൽ മന്ത്രി ബിന്ദു കൃഷ്ണ ഉറപ്പുനൽകി. ലേബർ സ്പെഷ്യൽ സെക്രട്ടറി ഷീബ ജോർജ്, കമ്മീഷണർ സഫ്ന നസറുദ്ദീൻ എന്നിവർ നിലവിലെ സാഹചര്യം യോഗത്തിൽ വിശദീകരിച്ചു. ഐഎൻടിയുസി സംസ്ഥാന പ്രസിഡന്റ് ആർ ചന്ദ്രശേഖരൻ, ജനറൽ സെക്രട്ടറി വി ജെ ജോസഫ്, തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് വി ആർ പ്രതാപൻ, യു ടി യു സി ദേശീയ സെക്രട്ടറി എ എ അസീസ്, മുൻ മന്ത്രി ബാബു ദിവാകരൻ, യു ടി യു സി ജനറൽ സെക്രട്ടറി റ്റി സി വിജയൻ, സിഐടിയു നേതാക്കളായ പി പി ചിത്തരഞ്ജൻ, കെ എൻ ഗോപിനാഥ്, കെ എസ് സുനിൽ കുമാർ, എ ഐ ടി യു സി വൈസ് പ്രസിഡന്റ് ജോർജ് തോമസ്, അഡ്വ വി മോഹൻദാസ്, എസ് ടി യു ജനറൽ സെക്രട്ടറി കെ പി മുഹമ്മദ് അഷ്റഫ്, ട്രഷറർ മാഹിൻ അബൂബക്കർ, ബിഎംഎസ് പ്രസിഡന്റ് ശിവജി സുദർശൻ, അഖിലേന്ത്യ വൈസ് പ്രസിഡന്റ് ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ, എച്ച് എം എസ് സംസ്ഥാന ജനറൽ സെക്രട്ടറി ടോമി മാത്യു, സംസ്ഥാന സെക്രട്ടറി എസ് മനോഹരൻ, ജോസഫ് ജൂഡ് എന്നിവർ വിവിധ സംഘടനാ പ്രതിനിധികളായി മന്ത്രി വിളിച്ച യോഗത്തിലെത്തി. തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

## സ്ത്രീ സൗജന്യയാത്ര; മുൻകൂർ തുക നൽകണമെന്ന് കെഎസ്ആർടിസി

തിരുവനന്തപുരം: സ്ത്രീകൾക്ക് ഓർഡിനറി ബസുകളിൽ സൗജന്യയാത്ര അനുവദിക്കുന്ന സംസ്ഥാന സർക്കാരിൻറെ പദ്ധതി നടപ്പിലാക്കുന്നതിനായി മുൻകൂർ തുക അനുവദിക്കണമെന്ന ആവശ്യവുമായി കെഎസ്ആർടിസി. മാസാവസാനം മാത്രം തുക നൽകാനാണ് സർക്കാർ തീരുമാനം. ,

ഇത് നടപ്പിലാക്കിയാൽ കെഎസ്ആർടിസിക്ക് ലഭിച്ചു വരുന്ന നിലവിലെ ഇന്ധന സബ്സിഡിയെ ബാധിക്കുമോ എന്ന ആശങ്ക കോർപറേഷനുണ്ട്. ഇന്ധന കമ്പനികളുമായുള്ള 45 ദിവസത്തെ ക്രെഡിറ്റ് വ്യവസ്ഥയും സബ്സിഡിയും നിലനിർത്താൻ മുൻകൂർ പണമോ ദിവസേനയുള്ള പണമോ അനിവാര്യമാണെന്ന് കെഎസ്ആർടിസി ചൂണ്ടിക്കാട്ടുന്നു.

പദ്ധതി നടപ്പിലാക്കുന്നതോടെ കെഎസ്ആർടിസിക്ക് പ്രതിമാസം 65 മുതൽ 70 കോടി രൂപ വരെയും പ്രതിവർഷം 800 കോടിയോളം രൂപയുടെയും വരുമാന നഷ്ടം ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്. വരുമാനമോ പ്രായമോ പരിഗണിക്കാതെ എല്ലാ സ്ത്രീകൾക്കും ഓർഡിനറി ബസുകളിൽ സൗജന്യ യാത്ര നൽകുന്ന പദ്ധതിയാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്.

## കുണ്ടന്നൂർ പാലത്തിൽ അപകടം; ടിപ്പർ കൈവരിയിൽ തൂങ്ങി കിടക്കുന്നു

കൊച്ചി: കുണ്ടന്നൂർ പാലത്തിൽ ടിപ്പർ ലോറി കൈവരിയിൽ ഇടിച്ചു കയറി അപകടം. കുണ്ടന്നൂരിൽ നിന്നും ഐലൻഡിലേക്ക് പോകുന്ന അലക്സാണ്ടർ പറമ്പിത്തറ പാലത്തിലാണ് സംഭവം.

ലോറി പാലത്തിൻറെ കൈവരിയിൽ തൂങ്ങി നിൽക്കുന്ന അവസ്ഥയിലാണ്. നിയന്ത്രണം നഷ്ടമായ ലോറിയിൽ നിന്നും ഡ്രൈവർ ചാടി രക്ഷപെട്ടു.

മേഖലയിൽ വലിയ ഗതാഗത കുരുക്കാണ് അനുഭവപ്പെടുന്നത്. ഫയർഫോഴ്സിൻറെ നേതൃത്വത്തിൽ ലോറി നീക്കാൻ ശ്രമം നടക്കുകയാണ്.

# കാപ്പ ആക്ടും ക്രിമിനൽ കേസുകളും; സുഗതൻെറ കൗൺസിലർ സ്ഥാനം തുലാസിൽ

പേരൂർക്കട: കാപ്പ ആക്ടിൽ ഉൾപ്പെടുകയും കരുതൽ തടങ്കലിലാകുകയും നിരവധി ക്രിമിനൽ കേസുകളിൽ ഏർപ്പെടുകയും ചെയ്ത വാഴോട്ടുകോണം വാർഡ് കൗൺസിലർ ആർ. സുഗതൻറെ കൗൺസിലർ സ്ഥാനം തുലാസിൽ. വെറും 54 വോട്ടിനു വാഴോട്ടുകോണം വാർഡിൽനിന്നു കൗൺസിലറായി തെരഞ്ഞെടുക്കപ്പെട്ട സുഗതൻ ഈ സ്ഥാനം വഹിക്കുന്നതിനു മുൻപും പിൻപും ക്രിമിനൽ കേസുകളിൽ ഏർപ്പെട്ടിട്ടുണ്ട്. വാർഡിൽ സിപിഎമ്മിനു റിബൽ സ്ഥാനാർഥി വന്നതാണ് സുഗതൻറെ കൗൺസിലർ സ്ഥാനത്തേക്കുള്ള രംഗപ്രവേശം എളുപ്പമാക്കിയത്.

**നിരവധി കേസുകൾ**

വട്ടിയൂർക്കാവിലെ ഒരു കുത്ത് കേസ്, പാപ്പാട് മഹിളാമന്ദിരത്തിൻറെ ഉദ്ഘാടനത്തിനു തൊട്ടുമുൻപ് മന്ദിരം പൂട്ടി താക്കോൽ കൊണ്ടു ഒളിവിൽപ്പോയ സംഭവം, വെള്ളൈക്കടവ് ക്ഷേത്രത്തിലെ ഗാനമേളയ്ക്കിടെ ഭീകരാന്തരീക്ഷം സൃഷ്ടിച്ച് യുവാക്കളെ മർദിച്ച സംഭവം എന്നിങ്ങനെ നീളുന്നു സുഗതന് എതിരേയുള്ള കേസുകൾ. മൂന്നു കൗൺസിലിൽ തുടർച്ചയായി പങ്കെടുക്കാതെ വന്നാൽ മാത്രമേ കൗൺസിലർ സ്ഥാനം നഷ്ടപ്പെടുകയുള്ളൂവെന്നും അല്ലാതെ തിരുവനന്തപുരം നഗരസഭയുമായി ബന്ധപ്പെട്ടു സുഗതനു കൗൺസിലർ ആകുന്നതിനു യാതൊരു പ്രശ്നവും ഇല്ലെന്നുമാണ് ബിജെപി നേതൃത്വം പറയുന്നത്. കാപ്പ ആക്ട് പ്രകാരം ആറു മാസമെങ്കിലും സുഗതന് ജയിൽ ശിക്ഷ അനുഭവിക്കേണ്ടിവരും. ജാമ്യം ലഭിക്കുന്ന കാര്യം വളരെ സംശയമാണ്. കഴിഞ്ഞ ദിവസം സുഗതനെ പോലീസ് അറസ്റ്റ് ചെയ്തപ്പോൾ ബിജെപി പ്രവർത്തകർ വൻ പ്രക്ഷോഭം ഉണ്ടാക്കിയിരുന്നു. കൗൺസിലിൽ തുടർച്ചയായി പങ്കെടുക്കാതെ വന്നാൽ മാത്രമേ സുഗതനെ തിരുവനന്തപുരം നഗരസഭ അയോഗ്യനാക്കേണ്ടതുള്ളൂ. എന്നാൽ, ബിജെപി ഭരിക്കുന്ന കൗൺസിൽ അതിനു മുതിരാൻ ഇടയില്ല. കാപ്പ ആക്ടും ക്രിമിനൽ കേസും ഉള്ള സ്ഥിതിക്കു സുഗതനു വീണ്ടും കൗൺസിലറായി തുടരാൻ സാധിക്കില്ലെന്നാണ് നിയമകാര്യ വിദഗ്ധർ പറയുന്നത്. അതേസമയം, ഇയാൾ ജയിൽ ശിക്ഷ കഴിഞ്ഞ് ഇറങ്ങിയ ശേഷം ഇയാൾക്കെതിരേ തെരഞ്ഞെടുപ്പ് കമ്മീഷനു പരാതി നൽകേണ്ടതുണ്ട്. സിപിഎം നേതൃത്വം പരാതിയുമായി എത്തുമെന്ന കാര്യം ഉറപ്പാണ്.

**കൗൺസിലർക്കെതിരേ കാപ്പ**

അങ്ങനെയെങ്കിൽ വാഴോട്ടുകോണം വാർഡ് വരും ദിവസങ്ങളിൽ മേയർ വി. വി രാജേഷിൻറെ മേൽനോട്ടത്തിലാകും. തിരുവനന്തപുരം നഗരസഭയുടെ ചരിത്രത്തിൽതന്നെ ഒരു കൗൺസിലർ കാപ്പ പ്രകാരം ജയിലിൽ ആകുന്നത് ആദ്യമാണ്. ഒരു വാർഡ് കൗൺസിലർക്കെതിരേ കാപ്പ ആക്ട് ചുമത്തുന്നതും അറസ്റ്റ് ചെയ്തു കരുതൽ തടങ്കലിൽ ആക്കുന്നതും നിരവധി നാടകീയ രംഗങ്ങൾ സൃഷ്ടിച്ചിരുന്നു. നിരവധി ക്രിമിനൽ കേസുകളുടെ പശ്ചാത്തലമുള്ള സുഗതൻ വാർഡ് കൗൺസിലറായി തെരഞ്ഞെടുക്കപ്പെട്ടത് എങ്ങനെയെന്ന കാര്യം ഇന്നും ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു. നിലവിൽ വാഴോട്ടുകോണം വാർഡിൽ, വാർഡ് കൗൺസിലറുടെ ഓഫീസ് സ്ഥിതിചെയ്യുന്നുണ്ട്. അതിൻറെ മേൽനോട്ടവും ഇനി മേയറുടെ കീഴിലാകും. അതിനിടെ, സുഗതൻ തിരുവനന്തപുരം നഗരസഭയുടെ രണ്ടു കൗൺസിലുകളിൽ പങ്കെടുത്തിട്ടില്ല എന്ന് എതിർപക്ഷം പറയുന്നുണ്ട്. അറസ്റ്റിലാകാതിരിക്കുന്നതിനു വേണ്ടി ഉളിവിൽ കഴിഞ്ഞ കാലയളവാണ് ഇത്. മൂന്നു കൗൺസിലുകളിൽ തുടർച്ചയായി പങ്കെടുക്കാതിരുന്നാൽ വാർഡ് കൗൺസിലർ സ്ഥാനം നഷ്ടമാകും. ഒരു മാസത്തിൽ ഒരിക്കലാണ് നഗരസഭ കൗൺസിൽ ചേരുന്നത്. കരുതൽ തടങ്കലിൽ കഴിയുന്ന സുഗതന് അടുത്ത കാലത്ത് പുറത്തിറങ്ങാൻ കഴിയില്ല എന്നുള്ള സൂചന ഉള്ളതിനാൽ മൂന്നാമത്തെ കൗൺസിലിലും ഇയാൾക്കു പങ്കെടുക്കാൻ സാധിക്കുകയില്ല. അപ്പോൾതന്നെ കൗൺസിലർ സ്ഥാനം നഷ്ടപ്പെടുമെന്നാണ് പ്രതിപക്ഷ നിര ചൂണ്ടിക്കാട്ടുന്നത്.

**ഭരണവും തുലാസിലാകും**

ഇക്കാര്യത്തിൽ ബിജെപി പ്രാദേശിക നേതൃത്വവും നഗരസഭ മേയർ വി. വി. രാജേഷും എന്തു നടപടികളിലേക്കു പോകുമെന്നതാണ് ഇനി അറിയേണ്ടത്. ഒരു നഗരസഭാ വാർഡ് തുടർച്ചയായ അഞ്ചു വർഷം മേയറുടെ കീഴിൽ ഭരിക്കപ്പെട്ട സാഹചര്യം ഇതുവരെ ഉണ്ടായിട്ടില്ല. നിലവിൽ ഒരു സ്വതന്ത്ര സ്ഥാനാർഥിയുടെ പിന്തുണയോടുകൂടിയാണ് തിരുവനന്തപുരം നഗരസഭയിൽ ബിജെപി ഭരണം മുന്നോട്ടു പോകുന്നത്. അതിനിടെ, വാഴോട്ടുകോണം വാർഡിൽ വീണ്ടും തെരഞ്ഞെടുപ്പ് നടക്കുകയും ബിജെപിക്കു വാർഡ് നിലനിർത്താൻ സാധിക്കാതെ വരികയും ചെയ്താൽ അതു നഗരസഭ ഭരണത്തെയും ബാധിക്കും. അതേസമയം, ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിക്കുമെന്നാണ് മേയർ വി. വി. രാജേഷ് പറയുന്നത്. പോലീസിൻറെ നടപടി ശരിയായ ദിശയിൽ ആയിരുന്നില്ലെന്നും നഗരസഭാ ഭരണത്തിലോ വാഴോട്ടുകോണം വാർഡിൻറെ കാര്യത്തിലോ യാതൊരു പ്രശ്നവും ഉണ്ടാകാൻ പോകുന്നില്ലെന്നും മേയർ പ്രതികരിച്ചു.

## ശബരിമല സ്വർണക്കൊള്ള; ദ്വാരപാലക ശിൽപങ്ങൾ കടത്തിയ കേസിൽ തുടരന്വേഷണം നടത്താൻ തീരുമാനം

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ളയിൽ ദ്വാരപാലക ശിൽപങ്ങൾ കടത്തിയ കേസിൽ തുടരന്വേഷണം നടത്താൻ എസ്ഐടി തീരുമാനം. ദ്വാരപാലക ശിൽപ്പപാളികളിൽ നിന്നും വീണ്ടും സാംപിൾ ശേഖരിക്കും.

ഹൈക്കോടതിയുടെ നിർദേശാനുസരണമാണ് സാംപിൾ ശേഖരിക്കുന്നത്. ഈ മാസം നടതുറക്കുമ്പോൾ സാംപിളുകൾ ശേഖരിക്കും. പി. എസ്. പ്രശാന്ത് ദേവസ്വം ബോർഡ് പ്രസിഡൻറായിരിക്കെ 2025ലാണ് ദ്വാരപാലകശിൽപ്പ പാളികൾ ചെന്നൈയിലേക്ക് കൊണ്ട് പോയത്. ഈ കേസിൽ നേരത്തെ പ്രശാന്തിനെ ചോദ്യം ചെയ്തിരുന്നു.

സാംപിളുകൾ വീണ്ടും ശേഖരിച്ച ശേഷം പ്രശാന്തിനെ ചോദ്യം ചെയ്യാനാണ് പ്രത്യേക അന്വേഷണ സംഘത്തിൻറെ തീരുമാനം. ശബരിമല സ്വർണക്കൊള്ളയുമായി രണ്ട് കേസുകളാണ് പോലീസ് രജിസ്റ്റർ ചെയ്തത്. ആദ്യ കേസിലാണ് ഉണ്ണിക്കൃഷ്ണൻ പോറ്റി, മുൻ ദേവസ്വം ബോർഡ് പ്രസിഡൻറുമാരായിരുന്ന എ. പത്മകുമാർ, എൻ. വാസു, ദേവസ്വം ബോർഡ് മെമ്പർ കെ. പി. ശങ്കർദാസ്, ദേവസ്വം ഓഫീസറായിരുന്ന മുരാരിബാബു ഉൾപ്പെടെയുള്ളവരെ പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തത്. കേസിൽ പോലീസ് അറസ്റ്റ് ചെയ്ത എല്ലാവരും സ്വാഭാവിക ജാമ്യത്തിൽ ഇറങ്ങിയിരുന്നു.

## നിപ: ആരോഗ്യമന്ത്രിയെ ട്രോളി വീണാ ജോർജ്

തിരുവനന്തപുരം: സംസ്ഥാനത്ത് വീണ്ടും നിപ വൈറസ് സ്ഥിരീകരിച്ച സാഹചര്യത്തിൽ ഒറ്റക്കെട്ടായി പൊരുതാമെന്ന് ആഹ്വാനം ചെയ്ത് മുൻ ആരോഗ്യ മന്ത്രി വീണ ജോർജ്. പൂനെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിൽ നിന്നുള്ള ഔദ്യോഗിക സ്ഥിരീകരണത്തിനായി കാത്തുനിൽക്കാതെ, നിലവിലെ പരിശോധനാ ഫലത്തിൻറെ അടിസ്ഥാനത്തിൽ അടിയന്തിര പ്രതിരോധ നടപടികളിലേക്ക് കടക്കണമെന്ന് വീണ ഫേസ്ബുക്ക് പോസ്റ്റിൽ ആവശ്യപ്പെട്ടു.

രോഗിക്ക് കൃത്യമായ ചികിത്സ ഉറപ്പാക്കുന്നതിനൊപ്പം രോഗവ്യാപനം തടയുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഷിഗെല്ല രോഗം സംസ്ഥാനത്ത് പടരുന്ന സാഹചര്യവും അതീവ ഗൗരവത്തോടെ കാണേണ്ടതുണ്ടെന്നും മന്ത്രി കുറിച്ചു.

ആദ്യമായിട്ടാണ് ഇത്രയുമധികം ഷിഗെല്ല കേസുകൾ കേരളത്തിൽ ഉണ്ടാകുന്നത്. കുഞ്ഞുങ്ങൾ, പ്രായമുള്ളവർ, മറ്റു രോഗങ്ങളുള്ളവർ എന്നിവരിൽ ഷിഗെല്ല ഗുരുതരമാകും. രോഗത്തിൻറെ സാമൂഹിക വ്യാപനം കൂടുതൽ ഉണ്ടാകാതിരിക്കാൻ നടപടികൾ കൈക്കൊള്ളണമെന്നും വീണ ആവശ്യപ്പെട്ടിട്ടുണ്ട്.

അതേസമയം നിപ പശ്ചാത്തലത്തിൽ, കഴിഞ്ഞ സർക്കാരിൻറെ കാലത്ത് ഇന്നത്തെ ആരോഗ്യ മന്ത്രി കെ. മുരളീധരൻ നടത്തിയ പഴയൊരു പ്രസംഗം പലരും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്ന് വീണ ജോർജ് പോസ്റ്റിൽ പരാമർശിച്ചു. എന്നാൽ ഇതിനെക്കുറിച്ച് ഒന്നും എഴുതുന്നില്ലെന്നും ശരിതെറ്റുകൾ കാലം തെളിയിക്കട്ടെയെന്നും അവർ വ്യക്തമാക്കി.

## ലഹരി കേസിൽ സാക്ഷിയുടെ ദൃശ്യങ്ങൾ പുറത്തുവിട്ട സംഭവം: മാനക്കേടും ദുഃഖവും ഉണ്ടാക്കിയെന്ന് യുവതി

കൊച്ചി: ലഹരി കേസിൽ സാക്ഷിയായ യുവതിയുടെ ദൃശ്യങ്ങൾ പുറത്തുവിട്ടുവെന്ന പരാതിയിൽ യുവതിയുടെ മൊഴി രേഖപ്പെടുത്തി പോലീസ്. ചേരാനല്ലൂരിലെ ഹോട്ടലിൽ നിന്നും രാസലഹരി പിടികൂടിയ സംഭവത്തിൽ എക്സൈസ് പുറത്തുവിട്ട വീഡിയോയിൽ ആയിരുന്നു ഹോട്ടൽ മാനേജരായ യുവതിയുടെ ദൃശ്യങ്ങളും ഉൾപ്പെട്ടത്.

ജൂൺ അഞ്ചിന് ലഹരിക്കെതിരെയുള്ള എക്സൈസിൻറെ ഓപ്പറേഷൻ തണ്ടറിൻറെ ഭാഗമായി നടന്ന റെയ്ഡിലാണ് ഇടപ്പള്ളിയിലെ ഹോട്ടലിൽ നിന്നും ഒരു യുവതി ഉൾപ്പെടെ മൂന്നു പേർ അറസ്റ്റിലായത്. 110 ഗ്രാം എംഡിഎംഎയും ലഹരി വിറ്റു കിട്ടിയ പണവും ഇവരിൽ നിന്നും പിടികൂടിയിരുന്നു. മാധ്യമങ്ങൾക്ക് നൽകാനായി എക്സൈസ് പകർത്തിയ വീഡിയോയിൽ സാക്ഷിയായ ഹോട്ടൽ മാനേജറായ യുവതിയും ഉൾപ്പെട്ടിരുന്നു. യുവതി സാക്ഷിയായ ഒപ്പിടുന്ന ദൃശ്യമാണ് ഇതിലുള്ളത്. ദൃശ്യങ്ങൾ പ്രചരിച്ചതോടെ അവരെ പ്രതിയായി തെറ്റിദ്ധരിക്കപ്പെടുകയായിരുന്നു. ഇതിനെ തുടർന്ന് കടുത്ത സമ്മർദ്ദത്തിലായ യുവതി സിറ്റി പോലീസ് കമ്മിഷണർക്ക് പരാതി നൽകുകയായിരുന്നു. ദൃശ്യങ്ങൾ പുറത്തു വന്നതിനെ തുടർന്നുണ്ടായ തെറ്റിദ്ധാരണ തനിക്ക് മാനക്കേടും ദുഃഖവും ഉണ്ടാക്കി എന്നാണ് യുവതി മൊഴി നൽകിയിരിക്കുന്നത്. പ്രചരിച്ച ദൃശ്യങ്ങൾ മാറ്റാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് സിറ്റി പോലീസ് കമ്മിഷണർ കാളിരാജ് മഹേഷ്കുമാർ കഴിഞ്ഞ ദിവസം വ്യക്തമാക്കിയിരുന്നു.

## മാള എസ്എച്ച്ഒ മരിച്ച നിലയിൽ

തൃശൂർ: മാള പോലീസ് സ്റ്റേഷനിലെ എസ്എച്ച്ഒ ആർ. രാജേഷ് മരിച്ച നിലയിൽ. താമസസ്ഥലത്ത് തൂങ്ങിമരിച്ച നിലയിലാണ് കണ്ടത്. മാളയിലെ പോലീസ് ക്വാർട്ടേഴ്സിലാണ് മൃതദേഹം കണ്ടത്. കൊല്ലം ശൂരനാട് സ്വദേശിയാണ് രാജേഷ്. ഭാര്യയ്ക്ക് വാഹനാപകടത്തിൽ പരിക്കേറ്റിരുന്നു. രണ്ട് ദിവസത്തെ അവധിയ്ക്കു ശേഷം ഇന്ന് ജോലിയ്ക്കു കയറേണ്ടതായിരുന്നു. രാജേഷിൻറെ ആത്മഹത്യാ കുറിപ്പ് കണ്ടെത്തിയിട്ടുണ്ട്. വ്യക്തിപരമായ പ്രശ്നമെന്നാണ് ആത്മഹത്യക്കുറിപ്പിൽ പറയുന്നത്.

## എ. പത്മകുമാറിനെതിരെ നടപടിക്കൊരുങ്ങി സിപിഎം; പത്തനംതിട്ട ജില്ലാ കമ്മിറ്റിയെ ചുമതലപ്പെടുത്തി

തിരുവനന്തപുരം: സിപിഎം സംസ്ഥാന സെക്രട്ടറിയേറ്റ് റിപ്പോർട്ടിൽ മൂന്ന് സുപ്രധന തിരുത്ത് വരുത്തി. ശബരിമല സ്വർണക്കൊള്ള കേസിൽ ആരോപണ വിധേയനായ എ. പത്മകുമാറിനെതിരെ നടപടിയെടുക്കാൻ തീരുമാനമായി. ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ചർച്ച ചെയ്യാൻ സിപിഎം പത്തനംതിട്ട ജില്ലാ കമ്മിറ്റിയെ ചുമതലപ്പെടുത്തി. കഴിഞ്ഞയാഴ്ചയാണ് പത്മകുമാറിൻറെ പാർട്ടി അംഗത്വം പുതുക്കി നൽകിയത്.

ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ 15-ാം തീയതി ജില്ലാ കമ്മിറ്റി ചേരുന്നുണ്ട്. പയ്യന്നൂർ, തളിപറമ്പ് ഉൾപ്പടെയുള്ള സ്ഥലങ്ങളിലെ സ്ഥാനാർഥി നിർണയത്തിൽ വീഴ്ച സംഭവിച്ചുവെന്നും തിരുത്തൽ വരുത്തി. പി. കെ. ശ്യാമളയുടെ സ്ഥാനാർത്ഥിത്വത്തിലെ വീഴ്ച ഏറ്റുപറഞ്ഞുള്ള തിരുത്താണിത്. മുസ്ലീം സമുദായത്തിനെതിരെ വെള്ളാപ്പള്ളി നടേശൻ നടത്തിയ പ്രസ്താവനകൾ തള്ളിപ്പറയണമായിരുന്നുവെന്ന അഭിപ്രായവും തിരുത്തലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കോഴിക്കോട്ട് നിപ ബാധിച്ച ആളുടെ നില ഗുരുതരം

കോഴിക്കോട്ന്മ നിപ രോഗബാധിതനായി കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലുള്ള 43-കാരൻറെ സ്ഥിതി അതീവ ഗുരുതരമെന്ന് ആശുപത്രി അധികൃതർ. നിലവിൽ പ്രത്യേക ഐസലേഷൻ വാർഡിലാണ് രോഗിയുള്ളത്. ഡോക്ടർമാരുടെ പ്രത്യേക സംഘമാണ് രോഗിയുടെ ആരോഗ്യനില നിരീക്ഷിക്കുന്നത്. യുവാവിൻറെ സാമ്പിൾ ബുധനാഴ്ച പൂനെ വൈറോളജി ലാബിലേക്ക് അയച്ചു. ഫലം ഇന്നു ലഭിക്കുന്നതോടെ മാത്രമേ ആരോഗ്യ വകുപ്പിൻറെ ഔദ്യോഗിക സ്ഥിരീകരണം ഉണ്ടാകൂ.

രോഗിയുടെ ബന്ധുക്കളോടും മറ്റും സംസാരിച്ച് രോഗിയുടെ റൂട്ട് മാപ്പ് തയാറാക്കുന്ന നടപടികൾ ജില്ലാ ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. രോഗിയുടെ അടുത്ത സമ്പർക്ക പട്ടികയിൽ ഉൾപ്പെട്ട അഞ്ചു പേരുടെ സാന്പിൾ മെഡിക്കൽ കോളജിൽ രോഗനിർണയത്തിനായി പരിശോധിക്കും. തിരുവനന്തപുരത്ത് ആരോഗ്യ മന്ത്രിയുടെ സാന്നിധ്യത്തിലും കോഴിക്കോടും ആരോഗ്യ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ പ്രത്യേക യോഗം ചേർന്നാകും തുടർ നടപടികളിൽ തീരുമാനം എടുക്കുക.

## സുഗതനെ വിയ്യൂർ സെൻട്രൽ ജയിലിലേക്ക് മാറ്റി

തിരുവനന്തപുരം: കാപ്പാ കേസിൽ അറസ്റ്റിലായ തിരുവനന്തപുരം കോർപ്പറേഷനിലെ ബിജെപി കൗൺസിലർ ആർ. സുഗതനെ വിയ്യൂർ സെൻട്രൽ ജയിലിലേക്ക് മാറ്റി. സുഗതനെ പൂജപ്പുര സെൻട്രൽ ജയിലിൽ നിന്ന് ഇന്ന് രാവിലെയാണ് വിയ്യൂരിലേക്ക് മാറ്റിയത്. കാപ്പാ കേസ് പ്രതികളെ പാർപ്പിക്കാനുള്ള പ്രത്യേക ബ്ളോക്ക് വിയ്യൂരിലാണുള്ളത്. അതേസമയം, സുഗതൻ രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് സിപിഎം കോർപ്പറേഷനിലേക്ക് മാർച്ച് നടത്തി. അടിയന്തിര കൗൺസിൽ വിളിക്കണമെന്ന് കോൺഗ്രസ് ആവശ്യപ്പെട്ടു.

സുഗതനെ അയോഗ്യനാക്കണമെന്നാണ് സിപിഎമ്മിൻറെയും കോൺഗ്രസിൻറെയും ആവശ്യം.

## സുഗതൻെറ രാജി ആവശ്യപ്പെട്ട് പ്രതിഷേധം നടത്തി എൽഡിഎഫ് കൗൺസിലർമാർ

തിരുവനന്തപുരം: കാപ്പാ കേസ് പ്രതിയും തിരുവനന്തപുരം കോർപ്പറേഷൻ ബിജെപി കൗൺസിലറുമായ ആർ. സുഗതൻറെ രാജിയാവശ്യപ്പെട്ട് എൽഡിഎഫ്. എൽഡിഎഫ് കൗൺസിലർമാരാണ് നഗരസഭയ്ക്ക് മുന്നിൽ പ്രതിഷേധം സംഘടിപ്പിച്ചത്. സുഗതൻ നഗരസഭയ്ക്ക് തന്നെ അപമാനമാണെന്ന് എൽഡിഎഫ് കൗൺസിലർമാർ കുറ്റപ്പെടുത്തി. സുഗതനെതിരെ നിരവധി ക്രിമിനൽ കേസുകളുണ്ട്. ഗുണ്ടാ ലിസ്റ്റിൽ പേരുള്ളയാളാണ് സുഗതൻ. ഇയാളുകൂടെ വൻകിട ഗുണ്ടാ റാക്കറ്റ് തന്നെ പ്രവർത്തിക്കുന്നുണ്ടെന്നും എൽഡിഎഫ് കൗൺസിലമാർ വിമർശിച്ചു. അടുത്ത ദിവസങ്ങളിൽ വാർഡ് തലങ്ങളിൽ പ്രതിഷേധം സംഘടിപ്പിക്കും. പിന്നാലെ 15ന് വൻ ജനകീയ സമരം കോർപ്പറേഷനിലേക്ക് നടത്തും.